# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue - 4 April 2021



## ഓൺലൈൻ വിദ്യാഭ്യാസത്തിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ

പേജ് 16

വില 20 രൂപ

# ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറ

സുവിശേഷത്തിന്റെ കേന്ദ്ര ബിന്ദുക്കളാണ് യേശുവിന്റെ ജനനം, മരണം, ഉയർത്തെഴുന്നേൽപ്പ് എന്നീ മഹൽസത്യങ്ങൾ. ഈ സംഭവങ്ങൾ മുൻകൂട്ടി പറയപ്പെട്ടിരുന്ന തിരുവെഴുത്തുകൾ പ്രകാരമായിരുന്നു നിറവേറിയത്(1 കൊരിന്ത്യർ 15: 3, 4). ബൈബിൾ വെളിച്ചത്തിൽ ഈ മഹൽ സംഭവങ്ങൾക്കല്ലാതെ, സംഭവിച്ച ദിവസത്തിനോ വർഷത്തിനോ ഒന്നും പ്രസക്തിയില്ല. ക്രിസ്തു വന്നത് മനുഷ്യകുലത്തിൽ ഉള്ള ഓരോരുത്തർക്കും വേണ്ടി ആയിരുന്നതിനാൽ തന്റെ ജനനവും, മരണവും, ഉയർത്തെഴുന്നേൽപ്പും ഓരോ വ്യക്തിയുടെയും ജീവിതത്തിൽ അനുഭവമായി പരിണമിക്കണം. അത് സംഭവിക്കുന്നത് ഓരോരുത്തരും, എന്റെ പകരക്കാരൻ എന്ന നിലയിൽ ആയിരുന്നു ക്രിസ്തു ജനിച്ചത് , തന്റെ മരണം എനിക്ക് പകരം ആയിട്ടായിരുന്നു എന്നും, വിശ്വസിച്ചു ക്രിസ്തുവിനെ സ്വീകരിക്കണം. അപ്പോൾ യേശുവിന്റെ ഉയർത്തെഴുന്നേൽപ്പ് എന്റെ ആത്മരക്ഷയ്ക്കും നിത്യജീവനും അടിസ്ഥാനമായി മാറും.

എല്ലാ മനുഷ്യരുടെയും ഭൂമിയിലെ ജീവിതം മരണത്തോടെ അവസാനിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ ഇഹലോക ശുശ്രൂഷ ഉയർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ആണ് അവസാനിച്ചത്, ഉയർത്തെഴുന്നേറ്റ കർത്താവ് 40 ദിവസത്തോളം തന്റെ ശിഷ്യന്മാർക്ക് പലപ്പോഴായി പ്രത്യക്ഷപ്പെട്ടു. അതിനുശേഷം ശിഷ്യന്മാർ കാൺകെയാണ് താൻ സ്വർഗ്ഗാരോഹണം ചെയ്തത് (അപ്പോസ്തല പ്രവർത്തികൾ 1: 9). 'നാൽപ്പതു' എന്ന സംഖ്യക്ക് എന്തെങ്കിലും പ്രത്യേകത ഉണ്ടായിരുന്നതു കൊണ്ടല്ല, പ്രത്യുത താൻ ജീവിച്ചിരിക്കുന്നു എന്ന് ശിഷ്യന്മാരെ ശരിക്കും ബോധ്യപ്പെടുത്താൻ ആയിരുന്നു. മാത്രമല്ല ദൈവരാജ്യത്തെക്കുറിച്ചു ശരിയായ അറിവും ബോധ്യവും അവർക്ക് നൽകുകയും ചെയ്യണമായിരുന്നു (അപ്പോസ്തല പ്രവർത്തികൾ 1: 2, 3). യേശുക്രിസ്തു മനുഷ്യനായി പിറന്നു, നമ്മുടെ പകരക്കാരനായി മരിച്ച്, ഉയർത്തെഴുന്നേറ്റു, നമുക്കായി ജീവിക്കുന്നു. നമ്മെ തന്റെ അടുക്കൽ ചേർക്കുവാൻ വീണ്ടുംവരുന്നു എന്നത്, ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും, ദൈവ രാജ്യത്തെക്കുറിച്ചുള്ള അറിവും ബോധ്യവും, ക്രിസ്തീയ വിശ്വാസത്തിന്റെ ഉന്നതദർശനവുമാണ്. അതുകൊണ്ട് യേശുവിന്റെ ഉയിർപ്പു ആണ്ടിൽ ഒരു ദിവസത്തെ ആഘോഷമാക്കി പരിമിതപ്പെടുത്താതെ, ഓരോ പുതുദിനത്തിനും ഉന്മേഷം പകരുന്ന സജീവ ചിന്തയായും, ആത്മാവിനെ തുടിപ്പിക്കുന്ന വിശ്വാസമായും നമുക്ക് മുറുകെ പിടിക്കാം. കന്മഷം അകറ്റി കണ്ണുനീർ തുടയ്ക്കുവാൻ ഈ ചിന്ത പര്യാപ്തമാണ്. ഈ ലക്കത്തിലെ സന്ദേശം അതാണ് വിശദമാക്കുന്നത്.



അധികാരം ഉപയോഗിച്ചല്ല യേശുവിനോടു ആവശ്യപ്പെടേണ്ടത് എന്ന് സാജു തന്റെ ലേഖനത്തിൽ മറിയയുടെ ഉദാഹരണത്തിലൂടെ ഭംഗിയായി വിവരിക്കുന്നു. ക്രിസ്തുശിഷ്യരുടെ ഇഹലോകജീവിതം എപ്രകാരം ആയിരിക്കണം എന്നതിനെപ്പറ്റി ഉപ്പിന്റെയും വെളിച്ചത്തിന്റെയും ഗുണവിശേഷങ്ങളുടെ താരതമ്യത്തിലൂടെ മനോഹരമായി വ്യക്തമാക്കുകയാണ് ഡോക്ടർ ലൂയീസ്കുട്ടി തന്റെ ലേഖനത്തിൽ. ദൈവത്തെ അള്ളിപ്പിടിക്കുന്ന ഒരു സ്വഭാവം വഴി തന്റെ ജനത്തിനു അവരർഹിക്കുന്ന ദൈവിക നിയമപരിരക്ഷ ദൈവം നൽകുന്നത് ഫ്രാങ്കിപ്പെൻ വിശദമാക്കുന്നു. മറ്റെല്ലാലേഖനങ്ങളും മോക്ഷയാത്രയുടെ പാതയിൽ വെളിച്ചവും പ്രചോദനവും നൽകുന്നതാണ്. ഓരോന്നും ശ്രദ്ധയോടെ വായിച്ചു പ്രാവർത്തികമാക്കുവാൻ എല്ലാ വായനക്കാരും ഉത്സാഹിക്കുമല്ലോ. അതിനായി പ്രാർത്ഥനയോടെ ഈ ലക്കം സമർപ്പിക്കുന്നു.

പുസ്തകം 10 ലക്കം 6
ഏപ്രിൽ 2021


# ഈ ലക്കത്തിൽ


**കരയുന്നതെന്തിന്?** — 4
ജോയ് എം. തോമസ്

**അത്ഭുതം അവകാശമല്ല, ഔദാര്യമാണ്** — 7
സാജു മാത്യു

**ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും** — 9
ഡോ. സി.റ്റി. ലൂയിസ്കുട്ടി

**നിയമ സംരക്ഷണം** — 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**പാപമെന്ന കുഷ്ഠത്തെ വെളിപ്പെടുത്തുന്ന....** — 13
ഡേവിഡ് വിൽക്കേഴ്സൺ

**ഓൺലൈൻ വിദ്യാഭ്യാസത്തിൽ ...** — 16
ഡോ. സജികുമാർ കെ.പി

**വാർത്താവീഥി** — 18

**ന്യായപ്രമാണത്തിനു സാധിക്കാത്ത കാര്യം** — 19
ചെയ്സ് ജോസഫ്

**മതഭക്തരും ആത്മികരും** — 21
അനി ചാക്കോ

**വനിതാ വീഥി** — 23
ജെസ്സി സാജു

**വേദ അധ്യയനം** — 26
ജോയ് എം. തോമസ്

**വിളിയും തിരഞ്ഞെടുപ്പും** — 31
എംസി



മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00



ജോയ് എം. തോമസ്

# കരയുന്നതെന്തിന്?

കണ്ണുനീർ ദൈവത്തിന്റെ  വരദാനമാണ്. ദു:ഖങ്ങളെ ഒഴുക്കിക്കളയുവാൻ കരച്ചിൽ സഹായിക്കുന്നു. കരയുന്നത് മാനക്കേട് ആണെന്ന് ചിന്തിക്കുന്നവർ ഇന്ന് നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്, അതുകൊണ്ട് പലരും തങ്ങളുടെ കണ്ണുനീർ ആരും കാണാതെ മറയ്ക്കുവാൻ ശ്രമിക്കുന്നു. കരയുന്നവർക്ക് കരയുന്നതിനുള്ള കാരണങ്ങൾ ഉണ്ടാകും. എന്നാൽ കാരണങ്ങൾ സങ്കൽപ്പിച്ച് കരയുന്നവരും ധാരാളമുണ്ട്.

മഗ്ദലക്കാരി മറിയയോട് കർത്താവ് ചോദിച്ച ചോദ്യം ആധാരമാക്കിയാണ് ഈ സന്ദേശം. അവൻ അവളോട്;  സ്ത്രീയെ, നീ കരയുന്നത് എന്ത്?'എന്ന് ചോദിച്ചു. എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്ന് ഞാൻ അറിയുന്നില്ല എന്ന് അവൾ അവനോടു പറഞ്ഞു (യോഹന്നാൻ 20: 13 ).

യേശു ഉയർത്തെഴുന്നേറ്റു എന്ന യാഥാർത്ഥ്യം മനസ്സിലാക്കാഞ്ഞതാണ് മറിയയുടെ കണ്ണുനീരിനു കാരണം. കല്ലറയിൽ യേശുവിന്റെ മൃതശരീരം കാണാതെ വന്നപ്പോൾ, ആരോ യേശുവിന്റെ ശരീരം എടുത്തു കൊണ്ടുപോയി എന്നാണ് അവൾ ധരിച്ചത്. സത്യമറിയാതെ വന്നാൽ ഒരു മിഥ്യയായിരിക്കും പിന്നെ സങ്കൽപ്പിക്കുന്നത്. യേശുവിനെ ക്രൂശിച്ചവർ യേശുവിന്റെ  മൃതശരീരവും മോഷ്ടിച്ചിരിക്കും എന്ന തെറ്റിദ്ധാരണയും അവൾക്ക് ഉണ്ട്. കരയുന്നത് എന്ത് എന്ന് യേശു ചോദിച്ചത് അതുകൊണ്ടാണ്.

കരയുന്ന നമ്മിൽ ആരോട് ചോദിച്ചാലും കാരണം പറയുവാൻ ഉണ്ടാകും. കരയുന്നതു ദുർബലതയോ മോശമായതോ ആയി കാണേണ്ടതില്ല. കരയുന്നത് ദൈവത്തിന്റെ മുമ്പാകെ ആണെങ്കിൽ കർത്താവ് ആ കണ്ണുനീർ തുടയ്ക്കും എന്നത് നിശ്ചയമാണ്.

'നിന്റെ  ഭാരം യഹോവയുടെ മേൽ ഇട്ടുകൊൾക,' എന്ന് കർത്താവ് നമ്മോട് അരുളിച്ചെയ്തിട്ടുണ്ടല്ലോ. മറിയയുടെ കണ്ണുനീർ വ്യർത്ഥമായില്ലല്ലോ.കർത്താവ് അവളോട് മനസ്സലിഞ്ഞു, അവൾക്ക് തന്നെത്തന്നെ വെളിപ്പെടുത്തി. യേശു ഉയർത്തെഴുന്നേറ്റു ജീവിക്കുന്നു എന്ന സത്യം അവളുടെ കണ്ണുനീരിനു പരിഹാരമായി.

**കരയുന്ന നമ്മിൽ ആരോട് ചോദിച്ചാലും കാരണം പറയുവാൻ ഉണ്ടാകും. കരയുന്നതു ദുർബലതയോ മോശമായതോ ആയി കാണേണ്ടതില്ല. കരയുന്നത് ദൈവത്തിന്റെ മുമ്പാകെ ആണെങ്കിൽ കർത്താവ് ആ കണ്ണുനീർ തുടയ്ക്കും എന്നത് നിശ്ചയമാണ്.**

**മരണത്തോടുകൂടി വിശ്രമം (ഉറക്കം) ആരംഭിക്കുന്നവർ മുഴു വ്യക്തിത്വത്തോടെ സ്വർഗത്തിൽ ജീവിക്കുന്നവരാണ്. എന്നാൽ അവർ പ്രവർത്തന നിരതരല്ല. അവർ ക്രിസ്തുവിന്റെ വരവിൽ പുതിയ ശരീരം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കുമ്പോൾ ആണ് വീണ്ടും പ്രവർത്തനനിരതരായിത്തീരുന്നത്.**

ഈ ലോകം കണ്ണുനീർ നിറഞ്ഞതാണ്. കരയുവാൻ ഉള്ള ധാരാളം കാരണങ്ങൾ ഈ ലോകത്തിൽ നമുക്ക് വന്നു ചേരുന്നുണ്ട്. നമ്മെ കരയിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവൻ ആണ് പിശാച്. എന്നാൽ കണ്ണുനീർ തുടച്ചു നമ്മെ ഉത്സുകരാക്കുവാൻ നമുക്കുള്ള കാരണമാണ്, യേശു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നത്.

യേശുവിന്റെ ഉയിർപ്പ് വിജയത്തിന്റെ വിളംബരമാണ്. മനുഷ്യന്റെ പാപത്തിന് പരിഹാരം വരുത്തിക്കൊണ്ട് യേശു പിശാചിനെ എന്നേക്കുമായി തോൽപ്പിച്ചു. മരണത്തിന്റെ അധികാരിയായ പിശാചിനെ നീക്കി ജീവപര്യന്തം മരണഭീതിക്കു അടിമകളായിരുന്ന നമ്മെ അവിടുന്ന് വിമുക്തരാക്കി. ക്രിസ്തുവിൽ വിശ്വസിച്ചിരുന്ന ഓരോരുത്തരും അവിടുത്തെ വിജയത്തിൽ പങ്കാളികളായി തീർന്നിരിക്കുന്നു.ഇത് നമുക്ക് എന്നും ക്രിസ്തുവിൽ സന്തോഷിക്കുവാൻ ഉള്ള കാരണമാണ്.

യേശുവിന്റെ ഉയിർപ്പ്, തന്നിൽ വിശ്വസിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും എന്നതിന്റെ ഉറപ്പാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്തത് താൻ പോയതു പോലെ മടങ്ങിവരുമെന്ന് ഉറപ്പായ വാഗ്ദത്തം തന്നിട്ടാണ്. യേശുവിന്റെ മടങ്ങിവരവിങ്കൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും എന്നത് ദൈവവചനം നൽകുന്ന ഉറപ്പാണ്. എന്നാൽ ഇതിനെല്ലാം അടിസ്ഥാനം യേശു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നതാണ്.

മരിച്ചവരുടെ പുനരുത്ഥാനം ഉണ്ടോ എന്ന് സംശയിച്ചവരോട് പൗലോസ് ചോദിച്ചു; ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നു പ്രസംഗിച്ചുവരുന്ന അവസ്ഥയ്ക്ക് മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ല എന്ന് വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്ന് ദൈവത്തിനു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന് കള്ള സാക്ഷികൾ എന്ന് വരും.' (1 കൊരിന്ത്യർ 15: 1317).

മരണം വരെയുള്ള ഈ ലോകത്തിലെ ജീവിതത്തിൽ നമുക്ക് കരയേണ്ട ധാരാളം സാഹചര്യങ്ങൾ ഉണ്ട്. അപ്പോൾ, ഉണ്ടാകുന്ന ദു:ഖങ്ങളെയും വേദനകളെയും തരണം ചെയ്യുന്നത് പലപ്പോഴും കണ്ണുനീർ വീഴ്ത്തി കൊണ്ടാണ്. എന്നാൽ ആ സമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കുന്നവർക്കു ദൈവം നൽകുന്ന ആശ്വാസത്തിന്റെ മധുരിമ രുചിച്ചറിയുവാൻ കഴിയും. മാത്രവുമല്ല, വേദന അനുഭവിക്കുന്ന മറ്റുള്ളവർക്ക് ആശ്വാസമായി വർത്തിക്കുവാനും അവർക്കു കഴിയും. പൗലോസ് തന്റെ അനുഭവം അങ്ങനെയാണ് നമ്മോട് പങ്കിടുന്നത്. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിക്കുവാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും, അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.'(2 കൊരിന്ത്യർ1 :4)

മരണത്തെത്തുടർന്ന് വിശ്രമമാണ് ദൈവഭക്തർക്ക് ഉള്ളത്. അവരുടെ കഷ്ടതകൾക്കും കണ്ണുനീരിനും വിരാമം ഉണ്ടാകുന്നു. അവർ നിദ്രയിൽ അഥവാ വിശ്രമത്തിലാണ്. ഉറങ്ങുന്ന ഒരു വ്യക്തിക്ക് മുഴുവൻ ആളത്വം ഉണ്ടെങ്കിലും, താൻ പ്രവർത്തനനിരതനല്ല. എന്നതുപോലെ മരണത്തോടുകൂടി വിശ്രമം (ഉറക്കം) ആരംഭിക്കുന്നവർ മുഴുവ്യക്തിത്വത്തോടെ സ്വർഗത്തിൽ ജീവിക്കുന്നവരാണ്. എന്നാൽ അവർ പ്രവർത്തനനിരതരല്ല. അവർ ക്രിസ്തുവിന്റെ വരവിൽ പുതിയ ശരീരം പ്രാപിച്ച് ഉയിർത്തെഴുന്നേൽക്കുമ്പോൾ ആണ് വീണ്ടും പ്രവർത്തനനിരതരായിത്തീരുന്നത്.

ഉയിർത്തെഴുന്നേറ്റ കർത്താവിനോട് കൂടിയുള്ള ജീവിതം നാം ജീവിക്കുന്നത് പുതിയ ഭൂമിയിലാണ്. ഇന്നത്തെ ശാപഗ്രസ്തമായ ഭൂമിയെ തീ കൊണ്ട് ശുദ്ധീകരിച്ചാണ് കർത്താവ് പുതിയ

ഭൂമിയെ ഉളവാക്കുന്നത്. ആ ഭൂമി കർത്താവിന്റെ സാന്നിധ്യത്താൽ അനുഗ്രഹപൂർണ്ണമായിരിക്കും. അന്ന് ദൈവം തന്റെ മക്കളുടെ കണ്ണിൽ നിന്ന് കണ്ണുനീർ തുടച്ചു കളയും എന്ന് എഴുതിയിരിക്കുന്നു. 'അവൻ അവരുടെ കണ്ണിൽനിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാവുകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാവുകയില്ല' (വെളിപ്പാട് 21: 5) അങ്ങനെ കണ്ണുനീരിനും കഷ്ടതകൾക്കും എന്നേക്കുമുള്ള പരിഹാരമുണ്ടാകും! ഇന്നത്തെ കഷ്ടതകളെ സാരമില്ല എന്ന് എണ്ണിക്കൊണ്ട് കർത്താവിനെ അനുഗമിക്കുന്നവർക്കു ഒരു നല്ല ഭാവി കാത്തിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം പ്രത്യക്ഷപ്പെട്ടത് കരഞ്ഞുകൊണ്ടിരുന്ന മഗ്ദലക്കാരത്തി മറിയയ്ക്ക് ആയിരുന്നല്ലോ. കർത്താവിന്റെ ആദ്യത്തെ ചോദ്യം 'സ്ത്രീയെ നീ കരയുന്നത് എന്ത്?' എന്നായിരുന്നു. കണ്ണുനീരിന് കർത്താവ് വില കൽപ്പിക്കുന്നു. മറിയയുടെ കണ്ണുനീർ തുടയ്ക്കുന്നതിനും താൻ ജീവിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം അവളെ ബോധ്യപ്പെടുത്തുന്നതിനും ആയിരുന്നു കർത്താവ് അവൾക്ക് പ്രത്യക്ഷപ്പെട്ടത്. കർത്താവിനെ സ്നേഹിക്കുന്നതിനാൽ, ജീവിതത്തിൽ കർത്താവ് വിലമതിക്കുന്നവർ കരയുമ്പോൾ അവരെ ഓർപ്പിക്കുന്ന യാഥാർത്ഥ്യം താൻ ജീവിച്ചിരിക്കുന്നു എന്നു തന്നെയാണ്.

ദു:ഖങ്ങൾ നേരിടുമ്പോൾ ഞാൻ ഒറ്റയ്ക്കാണ് എന്ന തോന്നൽ സ്വാഭാവികമാണ്. കല്ലറയ്ക്കൽ മറിയ ശരിക്കും ഒറ്റയ്ക്കായിരുന്നു. എന്നാൽ കർത്താവിനെ കണ്ടെത്തുക എന്ന ഒരേ ഒരു ലക്ഷ്യത്തിൽ അവളുടെ ചിന്തകൾ ഏകാഗ്രപ്പെട്ടിരുന്നതിനാൽ അവൾക്ക് ഭയം തോന്നിയില്ലായിരിക്കും. അല്ലെങ്കിൽ ഭയത്തേക്കാൾ അധികം, അതായതു കർത്താവിനെ കണ്ടെത്തുക എന്ന, അവളിൽ ഉണ്ടായിരുന്ന തീവ്രമായ ആഗ്രഹം, ശക്തമായിരുന്നു. കർത്താവിന്റെ ശരീരം കണ്ടെത്തുവാൻ തെരഞ്ഞവൾ ജീവിച്ചിരിക്കുന്ന കർത്താവിനെത്തന്നെ കണ്ടെത്തി. കർത്താവിന്റെ മൃതശരീരം എടുത്തു കൊണ്ടു പോകുവാൻ ധീരത കാണിച്ചിരുന്നവൾ ജീവിച്ചിരിക്കുന്ന കർത്താവിന്റെ സാന്നിധ്യം അനുഭവിച്ചു; അവന്റെ ശബ്ദം തിരിച്ചറിഞ്ഞു, അവനെ വന്ദിച്ചു.

മറിയയുടെ കണ്ണുനീർ ആനന്ദമായി തീർന്നു. വിലാപം നൃത്തമായി എന്നും പറയാം. കാരണം അവൾ ജീവിച്ചിരിക്കുന്ന യേശുവിനെ കണ്ടു. യേശു മടങ്ങി വരുമ്പോൾ താൻ ഇരിക്കും പോലെ തന്നെ, കർത്താവിനെ കാണുന്ന നമ്മുടെ സന്തോഷം എത്ര മടങ്ങു അധികമായിരിക്കും. ആ ദിവസത്തെക്കുറിച്ചുള്ള സന്തോഷം ഇന്ന് നമ്മെ ഭരിക്കുന്നു എങ്കിൽ കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുവാൻ നാം പ്രാപ്തരായിരിക്കും. •

## വിതയ്ക്കുന്നതേ കൊയ്യൂ...

**കൃഷിയിൽ പ്രാവീണ്യം ഇല്ലാത്തവർക്കു പോലും അറിയാവുന്ന ഒരു ലളിത സത്യമാണ് ഒരുവൻ വിതച്ചതുമാത്രമേ അവനു കൊയ്യുവാൻ കഴികയുള്ളൂ എന്നത്. നെല്ലുവിതച്ചിട്ട് കോതമ്പോ കോതമ്പു വിതച്ചിട്ട് നെല്ലോ കൊയ്യുക സാധ്യമല്ലല്ലോ. ലോഭമായി വിതയ്ക്കുന്നവൻ ലോഭമായും ധാരാളമായി വിതക്കുന്നവൻ ധാരാളമായും കൊയ്യും. കൃഷിയിൽ എന്നപോലെ ജീവിതത്തിലും എന്താണോ വിതച്ചത് അതുതന്നെ നാം കൊയ്യും. വഞ്ചന വിതച്ചവൻ വഞ്ചനയും നീതി വിതച്ചവൻ നീതിയും കൊയ്യും.**



**ആകയാൽ ജീവിതസായാഹ്നത്തിൽ എന്തു കൊയ്യുവാനാണ് നാം ആഗ്രഹിക്കുന്നത് എന്ന് സഗൗരവം ശോധന ചെയ്യേണം.**

**-കെ.വി.ആർ**



സാജു മാത്യു

# അത്ഭുതം അവകാശമല്ല, ഔദാര്യമാണ്

***യേശു അവളോട്: "സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു" (യോഹന്നാൻ 2:4)***

കാനാവിലെ കല്യാണത്തിനു യേശു വെള്ളം വീഞ്ഞാക്കിയ കഥ കൊച്ചുകുട്ടികൾക്കു മുതൽ വലിയവർക്കുവരെ ഒരുപോലെ ഇഷ്ടപ്പെട്ടതാണ്. മദ്യപർക്കുപോലും ഈ പാഠഭാഗം കാണാപ്പാഠമാണ്. (തങ്ങളുടെ ദുഷിച്ച ശീലത്തിനു ഒരു ധാർമിക പിന്തുണ കിട്ടിയാലോ എന്നാണു അവരുടെ മോഹം. അതു അസ്ഥാനത്താണ് എന്നു പറഞ്ഞോട്ടെ- അതു പിന്നീടു വിശദീകരിക്കാം)

ഒരുപക്ഷേ, ഈ സംഭവത്തിലെ വിസ്മയകരമായ ഒരു മാജിക് ഇഫക്ട് ആയിരിക്കാം കാനാവിലെ കല്യാണവീട്ടിന്റെ വിശേഷങ്ങളിലേക്കു കുഞ്ഞുങ്ങളെ ആകർഷിക്കുന്നത്. പ്രതിസന്ധികളിൽ ദൈവം ഇടപെടുന്നതും, സമൃദ്ധിയായി അനുഗ്രഹത്തെ ചൊരിയുന്നതുമാകാം മുതിർന്നവർ ഇതു ഇഷ്ടപ്പെടുവാൻ കാരണം. എന്നാൽ, യേശുവിന്റെ അത്ഭുതപ്രവൃത്തിയെ യോഹന്നാൻ കാണുന്നതു വേറൊരു രീതിയാലാണ്... വാസ്തവത്തിൽ യോഹന്നാൻ ഇതിനെ 'അത്ഭുതം' എന്നല്ല 'അടയാളം' എന്നാണു വിളിക്കുന്നത്.

സമവീക്ഷണ സുവിശേഷകന്മാർ (മത്തായി, മർക്കൊസ്, ലൂക്കൊസ്) അത്ഭുതം (dynamis) എന്ന വാക്ക് ഉപയോഗിക്കുമ്പോൾ യോഹന്നാന്റെ ഇഷ്ടപദം 'അടയാളം(signs-semeia)എന്നതാണ്. സമവീക്ഷണസുവിശേഷകർക്കു അത്ഭുതശക്തിയുടെ പ്രവൃത്തി (acts of power)കളാണെങ്കിൽ യോഹന്നാന് അത്ഭുതം ഒരു ദൈവിക സന്ദേശത്തെ പൊതിഞ്ഞുതരുന്ന അത്ഭുത പ്രവൃത്തിയാണ് (a miracle with a message).

ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന പ്രഖ്യാപനവുമായാണു സമവീക്ഷണ സുവിശേഷങ്ങളിൽ യേശു തന്റെ ശുശ്രൂഷ തുടങ്ങുന്നതു തന്നെ(മത്തായി4:17; മർക്കൊസ്1:14,15; ലൂക്കൊസ്6:20). സാത്താന്റെ ശക്തിയെ തകർത്തു ദൈവത്തിന്റെ ഭരണം സ്ഥാപിക്കാനാണു യേശു വന്നത്. അതുകൊണ്ട് ഓരോ അത്ഭുതവും സമവീക്ഷണ സുവിശേഷങ്ങളിൽ സാത്താന്റെ ആധിപത്യത്തിന്റെ തകർച്ചയാണ്.

ദൈവരാജ്യത്തിന്റെ സ്ഥാപനത്തെപ്പറ്റി യോഹന്നാനും ബോധവാനാണ്. എന്നാൽ, യോഹന്നാൻ ദൈവരാജ്യത്തെക്കാളും പ്രാധാന്യം രാജാവിനു കൊടുക്കുന്നു. അതിനാൽ അടയാളങ്ങൾ, യേശു എന്ന രാജാവിനെ വെളിപ്പെടുത്താനാണ്. അങ്ങനെ അടയാളങ്ങളിൽ പൊതിഞ്ഞുകിട്ടുന്ന യേശുവിനെ, അത്ഭുതത്തിന്റെ പൊതിയഴിക്കുമ്പോൾ കാണുന്ന മശിഹയെ, അത്ഭുതപരതന്ത്രരായി നോക്കിനില്ക്കുമ്പോൾ, ജനം അത്ഭുതം മറക്കുന്നു... വെളിപ്പെട്ടുകിട്ടുന്ന മശിഹയെ നോക്കി ആരും പറഞ്ഞുപോകും: "ഇവൻ എത്ര മഹാൻ"!

യേശുവിന്റെ മാർവ്വോടു ചാരിയിരുന്ന യോഹന്നാൻ യേശുവിന്റെ വെളിപ്പാടിൽ മുങ്ങിക്കുളിച്ചവനാണ്. സുവിശേഷത്തിലും, പിന്നെ ലേഖനത്തിലും, ഒടുവിൽ വെളിപ്പാടിലും യോഹന്നാൻ തന്റെ യജമാനനെ അറിഞ്ഞു ആവാഹിച്ചവനാണ്. നാമും അവനെ അറിയണം; അറിഞ്ഞു വിശ്വസിക്കണം... അറിയാതെയുള്ള വിശ്വാസമല്ല, അറിഞ്ഞുള്ള വിശ്വാസമാണു ജീവനായി പരിണമിക്കുന്നത് (യോഹന്നാൻ 20:31).

യേശുവിന്റെ ഏഴു അടയാളങ്ങൾ (അത്ഭുതങ്ങൾ) യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളത്തെ വീഞ്ഞാക്കുന്നത്(2:1-11),രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നത്(4:46-54), ബെഥെസ്ദാ കുളക്കരയിലെ പക്ഷവാതരോഗിയുടെ സൗഖ്യം (5:1-15), അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ പോഷിപ്പിക്കുന്നത് (6:1-14), കടലിന്മീതെ നടക്കുന്നത്(6:16-21), പിറവിക്കുരുടനെ സൗഖ്യമാക്കുന്നത് (9:1-41), ലാസറിനെ ഉയർപ്പിക്കുന്നത്(11:1-45) എന്നിവയാണ് ആ അടയാളങ്ങൾ. (യോഹന്നാൻ 21 : 3-7 വരെ പറയുന്ന വലിയ മീൻപിടുത്തത്തെ എട്ടാമത്തെ അടയാളമായി കണക്കാക്കുന്നവരുമുണ്ട്!)

എന്നാൽ, യേശു ഏഴ് അടയാളങ്ങൾ മാത്രമേ ചെയ്തിരുന്നുള്ളൂ എന്നു യോഹന്നാൻ പറയുന്നില്ല. മറ്റനേകം അടയാളങ്ങൾ അവൻ ചെയ്തു (20:30). അതെല്ലാം എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽതന്നെയും ഒതുങ്ങുകയില്ല(21:25)എന്നു യോഹന്നാൻ പറയുന്നു. കവിഭാവനയിൽ പറഞ്ഞാൽ, "ആകാശത്തെ പുസ്തകച്ചുരുളാക്കി, ലോകത്തിലെ വൃക്ഷങ്ങളെയെല്ലാം തൂലികയാക്കി, ഏഴു സമുദ്രങ്ങളിലെ ജലം മഷിയാക്കിയെഴുതിയാലും" തീരാത്തത്ര മഹത്വപൂർണമായിരുന്നു യേശുവിന്റെ ജീവിതം!

"മൂന്നാംനാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി" (യോഹന്നാൻ 2:1). അടയാളങ്ങളുടെ ആരംഭമായി അവൻ ഇതു ചെയ്തു (യോഹന്നാൻ 2:11). മൂന്നാം നാൾ എന്നതു നഥനയേലിനെ കണ്ടുമുട്ടിയതിനുശേഷം മൂന്നാംനാൾ ആയിരിക്കാം (അതാണല്ലോ യോഹന്നാൻ 1-ാം അധ്യായത്തിൽ പറഞ്ഞുനിർത്തുന്നത്). അല്ലെങ്കിൽ, ഗലീലയിലെത്തിയതിന്റെ മൂന്നാം നാൾ.

'ഗലീലയിലെ കാനാ' എന്നു പറയുന്നതിനു കാരണമുണ്ട്. എഫ്രയീം ഗോത്രത്തിന്റെ അവകാശത്തിൽപ്പെട്ട മറ്റൊരു 'കാനാ'യും ഉണ്ട് (യോശുവ 16:8,9). എന്നാൽ, ഇതു നഥനയേലിന്റെ ജന്മസ്ഥലമായ ഗലീലയിലെ കാനാ.

യഹൂദന്മാരുടെയിടയിൽ കല്യാണം ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ആഘോഷമായിരുന്നു. കല്യാണത്തിനു ക്ഷണിക്കപ്പെട്ടവരായി യേശുവുണ്ട്, യേശുവിന്റെ അമ്മയുണ്ട്, ശിഷ്യന്മാരുമുണ്ട്. യോസേഫ് അവിടെയില്ല. യേശുവിന്റെ കൗമാരത്തിലേതന്നെ യോസേഫ് മരിച്ചുവെന്നാണു പാരമ്പര്യം. അതാവണം വിധവയായ മറിയയുടെ പേര് എടുത്തുപറയുവാൻ കാരണം!

പെട്ടെന്നു വീട്ടുകാർ ഒരു പ്രതിസന്ധിയിലായി. വിരുന്നു നടക്കുന്നതിനിടയിൽ വീഞ്ഞു തീർന്നുപോയി. ഒരുപക്ഷേ, ഉദ്ദേശിച്ചതിൽ കൂടുതൽ ആളുകൾ വിരുന്നിനെത്തിയിരിക്കാം. പെട്ടെന്നുപോയി വീഞ്ഞൊരുക്കത്തക്ക സമ്പത്തൊന്നും അവർക്കുണ്ടാകണമെന്നില്ല. (യേശുവിന്റെ ബന്ധുക്കളല്ലേ...ധനികരാവാൻ വഴിയില്ല). എന്തായാലും പ്രതിസന്ധി രൂക്ഷമാണ്. വിളിച്ചു വരുത്തിയവർക്കു വീഞ്ഞുകൊടുക്കുവാനില്ലാത്തതിന്റെ നാണക്കേടിൽ വീട്ടുകാരൻ ആത്മഹത്യചെയ്തുകൂടെന്നുപോലുമില്ല.

യേശുവിന്റെ അമ്മ മറിയ വിവരമറിഞ്ഞു. ഒരുപക്ഷേ, അത്രയ്ക്കു അടുപ്പമുള്ളതുകൊണ്ടായിരിക്കണം മറ്റുള്ളവരറിയും മുമ്പു മറിയ വിവരമറിയുന്നത്. ഈ പ്രതിസന്ധി ആരും യേശുവിന്റെ അടുത്തുവന്നു പറഞ്ഞില്ല. ഒരുപക്ഷേ, അത്ഭുതം പ്രവർത്തിക്കുവാൻ കഴിവുള്ള വ്യക്തിയായി യേശുവിനെ അവിടെയാരും അറിഞ്ഞിരുന്നില്ല. എങ്ങനെ അറിയാൻ? ഇതുവരെ യേശു അത്ഭുതമൊന്നും പ്രവർത്തിച്ചിട്ടില്ലല്ലോ.

"യേശുവിന്റെ അമ്മ അവനോട്, അവർക്ക് വീഞ്ഞ് ഇല്ല" എന്നു പറഞ്ഞു (യോഹന്നാൻ 2:3). എന്താണു മറിയയുടെ വാക്കുകളുടെ അർഥം? തീർച്ചയായും അവരെ സഹായിക്കാനുള്ള ശുപാർശയും ആയാണു മറിയ യേശുവിന്റെ അടുത്ത് എത്തിയിരിക്കുന്നത്. എന്തായാലും, 'അവർക്ക് വീഞ്ഞു വാങ്ങാൻ പണമില്ല, കുറെ പണം അവർക്കു കൊടുക്കണം' എന്നാവില്ല മറിയ പറഞ്ഞത്. അന്നന്നത്തേടം പുലരുന്നതിന്റെ ബുദ്ധിമുട്ട് നന്നായി അനുഭവിച്ചിട്ടുള്ളവരാണല്ലോ യേശുവും അമ്മയും...

പണംകൊടുത്തു സഹായിക്കാനല്ലെങ്കിൽ പിന്നെയെന്തിനുള്ള ശുപാർശയുമായാണു മറിയ എത്തിയിരിക്കുന്നത്? ഒരുപക്ഷേ, മറിയ പറയുന്നത് ഇപ്രകാരമായിരിക്കാം: 'മോനേ, അവർക്കു വീഞ്ഞു തീർന്നുപോയി...നമുക്കു എന്തെങ്കിലും ചെയ്യണ്ടേ? ദൈവപുത്രനാണല്ലോ നീ... എനിക്കും നിനക്കും അറിയാവുന്ന യാഥാർഥ്യം. ദൈവപുത്രനായിട്ടും നീ ഇതുവരെ അത്ഭുതങ്ങളൊന്നും ചെയ്തുതുടങ്ങിയിട്ടില്ല... എന്തുകൊണ്ട് ഇപ്പോൾ അതു ചെയ്തുതുടങ്ങിക്കൂടാ? പാവപ്പെട്ട ഈ വീട്ടുകാർക്കു അതു വലിയ ആശ്വാസവുമാകും.

"യേശു അവളോട്: സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതു

ശേഷം പേജ് 29 ▶



ഡോ. സി. റ്റി. ലൂയിസ്കുട്ടി

# ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവും

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന അനുഗാമികളോടായി കർത്താവ് പറയുന്ന രണ്ടു പ്രസ്താവനകളാണ്, 'നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു' (മത്തായി 5:13), 'നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു' (മത്തായി 5 : 14) എന്നിവ. ക്രിസ്തുശിഷ്യരുടെ ഇഹലോകജീവിതം എപ്രകാരം ആയിരിക്കണം എന്നതിനെപ്പറ്റി ധാരാളം പാഠങ്ങൾ ഈ രണ്ടു രൂപകങ്ങളിൽ നിന്നു ലഭിക്കുന്നു. എന്നാൽ ഇവ രണ്ടിൻെറയും പൊതുവായ ചില സ്വഭാവവിശേഷണങ്ങൾ ആണ് ഈ ചെറുലേഖനത്തിൻെറ പ്രതിപാദ്യവിഷയം.

**1 ഉപ്പും വെളിച്ചവും പ്രവർത്തന നിരതരായിരിക്കുമ്പോൾ സ്വയത്തിലേക്കു ശ്രദ്ധ ആകർഷിക്കുന്നില്ല.**

നമ്മുടെ ആഹാരത്തിൽ ആവശ്യത്തിനുള്ള ഉപ്പു ചേർന്നിട്ടുണ്ടെങ്കിൽ അത് ഭക്ഷണത്തെ രുചികരമാക്കുന്നു. എന്നാൽ മേശയ്ക്കു ചുറ്റും ഇരുന്നു അത് ആസ്വദിക്കുന്നവർ ഉപ്പിൻെറ മേന്മയെപ്പറ്റി സംസാരിക്കുന്നില്ല, ആഹാരത്തിൽ ഉപ്പു ഉള്ളതായി ശ്രദ്ധിക്കുന്നു പോലുമില്ല. അത് ആവശ്യത്തിൽ കൂടുതൽ ആയിരിക്കുമ്പോഴോ കുറവായിരിക്കുമ്പോഴോ മാത്രം ശ്രദ്ധിക്കപ്പെടുന്നു. അതുപോലെ, നമ്മെക്കുറിച്ചു ദൈവം ഉദ്ദേശിക്കുന്ന രീതിയിൽ നാം പ്രയോജനപ്പെട്ടു കൊണ്ടിരുന്നാൽ, നമ്മുടെ പ്രയോജനമനുഭവിക്കുന്നവർ നമ്മെ ശ്രദ്ധിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തെന്നു വരികയില്ല. അതിൽ നാം പരിഭവിക്കേണ്ട കാര്യമില്ല. ലോകം കർത്താവിനെ അറിഞ്ഞിട്ടില്ലായ്കയാൽ തൻെറ ശിഷ്യന്മാരെയും അറിയുകയില്ല എന്നു യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞിരിക്കുന്നു (1 യോഹന്നാൻ 3:1). അതിനാൽ അംഗീകാരത്തിനുവേണ്ടിയും അഭിനന്ദനത്തിനുവേണ്ടിയും വൃഥാ ശ്രമം നടത്താതെ ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്ന വിധത്തിൽ നാം ആയിരിക്കുന്ന സമൂഹത്തിനു രുചി വരുത്തുന്നവരായിരിക്കുക എന്നതാണ് നമ്മുടെ കടമ.

അതുപോലെ ഒരു മുറിയിൽ വെളിച്ചം നൽകുന്ന ഒരു മെഴുകുതിരിയോ, വിളക്കോ, ട്യൂബ് ലൈറ്റോ, ബൾബോ ഉണ്ടെങ്കിൽ അത് അധികമാരും ശ്രദ്ധിക്കുന്നില്ല. അത് പരത്തുന്ന പ്രകാശത്തിൻെറ ഗുണം അവർ അനുഭവിക്കുന്നു. അത് മിന്നിമിന്നി കത്തുകയോ കെട്ടുപോകുകയോ ചെയ്യുമ്പോൾ മാത്രം അതിനു എന്തോ പ്രശ്നം ഉണ്ടെന്നു മനസ്സിലാക്കി അതിലേക്കു നോക്കുന്നു. അന്ധകാരത്തിൽ പ്രകാശിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടെ കർത്താവു നിയോഗിച്ചിട്ടുള്ള ശിഷ്യന്മാരുടെ അവസ്ഥയും ഇതു തന്നെ. അവരുടെ ദൗത്യം നിർവഹിക്കുന്നിടത്തോളം കാലം അവർക്കു ശ്രദ്ധയോ പ്രശംസയോ ലഭിക്കുകയില്ല. അതിൽ വിഘ്നം വന്നാൽ കുറ്റാരോപണത്തിനു വിധേയരായെന്നു വരാം.

**2. ഉപ്പിൻെറയും വെളിച്ചത്തിൻെറയും അഭാവം മനുഷ്യരെ അസ്വസ്ഥരാക്കുന്നു**

ഉപ്പിന്റെ പരലുകളെടുത്തു അതിന്റെ നിറത്തി

ന്റെയോ രൂപത്തിന്റെയോ ശ്രേഷ്ഠതയെപ്പറ്റി ആരും സംസാരിക്കാറില്ല. ഒരു ലൈറ്റിന്റെ മനോഹാരിതയും അല്പനേരത്തേക്കു മാത്രം ആസ്വദിക്കപ്പെടുന്നു. ആഹാരത്തിനു ഉപ്പു ഇല്ലാതെ വരുമ്പോഴും ലൈറ്റ് കത്താതെ വരുമ്പോഴും അത് മനുഷ്യരെ ബുദ്ധിമുട്ടിക്കുന്നു. സമൂഹത്തിനു രുചി പകരുക മാത്രമല്ല, അതു ചീഞ്ഞു പോകാതെ സൂക്ഷിക്കുക, മുന്നോട്ടു പോകുവാനുള്ള വഴി കാണിച്ചു കൊടുക്കുക എന്നീ ദൗത്യങ്ങൾ കൂടെ ക്രിസ്തുശിഷ്യന്മാർക്കുണ്ട്. നമ്മുടെ ജീവിതശൈലിയിലൂടെയും സുവിശേഷീകരണത്തിലൂടെയും നാം അതിനു തുനിയുന്നില്ലെങ്കിൽ അതിന്റെ നഷ്ടം സമൂഹത്തിനു ഉണ്ടാകുന്നു. വെളിച്ചം അപ്രത്യക്ഷമാകുമ്പോൾ അതിന്റെ ദുരിതം സമൂഹം അനുഭവിക്കേണ്ടിവരുന്നു.

**3. സ്വയം ഇല്ലാതാകുമ്പോഴാണ് ഇവയുടെ ഗുണം മറ്റുള്ളവർ അനുഭവിക്കുന്നത്**

ഉപ്പിൻെറ തരികൾ ദൃശ്യമാകാത്ത രീതിയിൽ ആഹാരത്തിൽ അലിഞ്ഞു ചേരുമ്പോഴാണ് അതിൻെറ ഗുണം ഭക്ഷണത്തിനിരിക്കുന്നവർ ആസ്വദിക്കുന്നത്. ഒരു മെഴുകുതിരി, വെളിച്ചം നല്കുമ്പോഴൊക്കെയും അത് കത്തി നശിച്ചു കൊണ്ടിരിക്കയാണ്. വിളക്കും പ്രകാശം പരത്തണമെങ്കിൽ അതിലെ എണ്ണയും തിരിയും എരിഞ്ഞു ഇല്ലാതായിക്കൊണ്ടിരിക്കണം. ഭൂമിയുൾപ്പടെ ഉള്ള സൗരയൂഥത്തിനു മുഴുവൻ വെളിച്ചവും ചൂടും ലഭിക്കുന്നത് സൂര്യൻെറ തൂക്കം (mass) ഒരു സെക്കൻഡിൽ 43 ലക്ഷം ടൺ എന്ന തോതിൽ കുറഞ്ഞു കൊണ്ടിരിക്കുന്നതിനാൽ ആണെന്ന് ശാസ്ത്രജ്ഞർ കണക്കു കൂട്ടുന്നു.

യേശുവിനെപ്പറ്റി യോഹന്നാൻ സ്നാപകൻ പറഞ്ഞത്, 'അവൻ വളരേണം, ഞാനോ കുറയേണം' എന്നാണ് (യോഹന്നാൻ 3 :30). ലോകത്തിനു വേണ്ടി തന്നെത്താൻ നൽകിയ കർത്താവിൻെറ സന്ദേശം ലോകമറിയണമെങ്കിൽ, തൻെറ സ്വാധീനം ലോകത്തിൽ വർദ്ധിക്കണമെങ്കിൽ, ക്രിസ്തുശിഷ്യർ തന്നെത്താൻ കുറഞ്ഞു കൊണ്ടിരിക്കണം. 'കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും' (യോഹന്നാൻ 12 :24) എന്നാണ് യേശുക്രിസ്തു പറഞ്ഞത്, തൻെറ ഇഹലോക ജീവിതത്തെപ്പറ്റി ആയിരുന്നെങ്കിലും, ആ പ്രസ്താവന നമുക്ക് എല്ലാവർക്കും ഉചിതമാണ്. യേശു കുരിശിൽ മരിച്ചു നമ്മെ വീണ്ടെടുത്തത്, നമ്മുടെ ഭൗതികാഭിവൃദ്ധിക്കു വേണ്ടിയല്ല, പ്രത്യുത നമ്മെ ദൈവമക്കളാക്കിത്തീർത്തിട്ടു തൻെറ പ്രവൃത്തിയുടെ ഫലം ലോകത്തിൽ എത്തിക്കുന്നതിനു വേണ്ടിയാണ്. തന്നെത്താൻ ത്യജിക്കുന്നവരാണ് തൻെറ ശിഷ്യന്മാരാകുന്നത്. അതായത്, ദൈവേഷ്ടപ്രകാരം തങ്ങളെത്തന്നെ കുറയുവാനും നിലത്തു വീഴുവാനും ചത്തു ഇല്ലാതാകുവാനും അനുവദിക്കുന്നവർ.

**4. കാരം നഷ്ടപ്പെട്ട ഉപ്പും കത്താത്ത വിളക്കും ഉപയോഗശൂന്യമാണ്.**

'ഉപ്പു കാരമില്ലാതെ പോയാൽ അതിനു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല'(മത്തായി 13:13). അതുപോലെ വിളക്കോ മെഴുകുതിരിയോ കത്തിച്ചു ഒരു പാത്രത്തിൻ കീഴിലടച്ചുവച്ചാൽ അതു കെട്ടു പോകുന്നു; അതിൻെറ പ്രയോജനം ഉണ്ടാകുന്നില്ല.

വളരെ നല്ല ഉദ്ദേശ്യത്തോടു കൂടെ ദൈവം നമ്മെ ഓരോ സ്ഥാനത്തേക്കും ശുശ്രൂഷയ്ക്കും നിയോഗിച്ചു ആക്കിയിരിക്കുമ്പോൾ, ദൈവം നമുക്കു നല്കിയിരിക്കുന്ന ഗുണവിശേഷങ്ങളും വരങ്ങളും ഏതെങ്കിലും കാരണത്താൽ നഷ്ടപ്പെടുത്തിയാൽ നമ്മെക്കൊണ്ടു സമൂഹത്തിനു പ്രയോജനം ഇല്ലാതാകുന്നു. ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന ക്രിസ്തുവാകുന്ന വെളിച്ചത്തോട് നാം ചേർന്നിരിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുമ്പോൾ ആ വെളിച്ചത്തിന്റെ പ്രയോജനം അനേകർക്കു ഉണ്ടാകുന്നു.

എന്നാൽ ആ വെളിച്ചത്തെ തടയുന്ന പ്രതിബന്ധങ്ങൾ ഇടയ്ക്കു കയറിവരുവാനോ, പ്രതിഫലിപ്പിക്കേണ്ട പ്രതലത്തിൽ അഴുക്കു പുരളുവാനോ അനുവദിച്ചാൽ കർത്താവിനു നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യം സഫലമാകാതെ വരുന്നു. പ്രകാശിക്കുന്ന വെളിച്ചമായിരിക്കുവാനും രസമുള്ള ഉപ്പായിരിക്കുവാനും നാം വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും ദൈവത്തോടു അടുത്തിരിക്കുകയും അവിടുത്തെ ഹിതം നമ്മിൽ നിവർത്തിക്കപ്പെടുന്നതിനായി നിരന്തരം സമർപ്പിച്ചു കൊടുക്കുകയും വേണം.

മതാനുഷ്ഠാനങ്ങളിൽ തൃപ്തിപ്പെട്ടിരിക്കാതെ യേശുകർത്താവ് ഉദ്ദേശിച്ച പ്രകാരം ഭൂമിയുടെ ഉപ്പും ലോകത്തിൻെറ വെളിച്ചവുമായി നിലനിന്നു മറ്റുള്ളവർക്കു പ്രയോജനം ഉള്ളവരായി നമുക്കു ജീവിക്കാം. ■



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# നിയമ സംരക്ഷണം

ഏതാണ്ട് 2000 വർഷങ്ങൾക്കു മുൻപ് അത്യുന്നതനായ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്ന് ഒരു ന്യായത്തീർപ്പ് പുറപ്പെടുവിച്ചു. ഈ ലോകത്തിന്റെ പ്രഭുവിനെ വിധിച്ചുകൊണ്ടായിരുന്നു അത്. പാതാള ഗോപുരങ്ങൾക്കു ദൈവത്തിന്റെ സഭയെ ജയിക്കുവാൻ അസാധ്യം എന്ന വിധി. വാസ്തവമായി യേശുക്രിസ്തു നമ്മുടെ പകരക്കാരനായി, നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിച്ചപ്പോൾ, ഈ ലോകത്തിന്റെ പ്രഭുവായി വാണിരുന്ന പിശാചിനെ ആയുധവർഗം വയ്പ്പിച്ചു തോല്പ്പിക്കുകയായിരുന്നു. നമ്മുടെ പാപങ്ങളുടെ കുറ്റപത്രം കുരിശിൽ തറച്ചു റദ്ദാക്കി അസാധു ആക്കുകയാണ് കർത്താവു ചെയ്തത്. അന്ധകാരത്തിന്റെ പ്രഭുക്കന്മാരെയും അധികാരികളെയും അവിടുന്ന് നിരായുധരാക്കി, കുരിശിൽ വിജയം വരിച്ചു അവരെ പരസ്യ പരിഹാസ വിഷയമാക്കി (കൊലോസ്യർ 2:13 15).

ഇത് പറയുമ്പോൾ തന്നെ, ആദ്യ നൂറ്റാണ്ടിനു ശേഷം മേൽപ്പറഞ്ഞ വിജയത്തിലൂടെ ലഭിച്ച ആത്മികമായ സ്വാതന്ത്ര്യത്തിൽ തുടരുവാൻ വളരെ അപൂർവ്വമായേ സഭയ്ക്ക് കഴിഞ്ഞിട്ടുള്ളൂ എന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്താണ് ഇതിനു കാരണം? ക്രിസ്തുവിലുള്ള സംരക്ഷണം പ്രാപ്യമാക്കേണ്ടതിനു നിശ്ചയമായും ദൈവത്തിന്റെ സഭ ക്രിസ്തുവിനെ മധ്യസ്ഥനായി മാർവ്വോടു ചേർത്ത് പുണർന്നു നിൽക്കാഞ്ഞതാണ് അതിനു കാരണം. കർത്താവിനോടു പറ്റിച്ചേർന്നു നിൽക്കുന്ന അനുഭവത്തിലേക്ക് മടങ്ങിവരിക മാത്രമാണ് ഇതിനുള്ള പ്രതിവിധി. നാം ഓരോരുത്തരും ഓരോ പ്രാർത്ഥനാലയമായി പരിണമിക്കുമ്പോഴാണ് ക്രിസ്തുവിനോട് പറ്റിച്ചേർന്നു നിൽക്കുവാൻ കഴിയുന്നത്.

പ്രാർത്ഥനയിലും വചനധ്യാനത്തിലും ഉറ്റിരിക്കുന്ന ഒരു നേതൃത്വത്തെ കാണിച്ചുകൊണ്ടാണ് സഭാചരിത്രം ആരംഭിക്കുന്നത് (പ്രവൃത്തികൾ 6:4). എല്ലാ ദിവസവും പ്രാർത്ഥനാസമയത്തു പ്രാർത്ഥനയ്ക്കായും മറ്റു ശുശ്രൂഷകൾക്കായും അന്നത്തെ നേതൃത്വം ദൈവാലയത്തിലേക്കു പോവുക പതിവായിരുന്നു (പ്രവൃത്തികൾ 2:46, 3:1). അന്നത്തെ നേതൃത്വം, ഈ ദർശനത്തിന്റെ വ്യക്തതയിലും ദൈവത്തോടുള്ള കൂട്ടായ്മയിലും ജീവിത ലാളിത്യത്തിലും മുന്നേറിവന്നിരുന്നു. അതുകൊണ്ടു യേശുകർത്താവിന്റെ സഭയ്ക്ക് യഥാർത്ഥ ശിഷ്യത്വത്തിലേക്കു നടത്തുവാനുള്ള വലിയ ശക്തിയും പ്രാപ്തിയും അന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് മേൽപ്പറഞ്ഞ ഗുണവിശേഷങ്ങൾ ശുഷ്ക്കിച്ചു, ലൗകീക മാനദണ്ഡങ്ങൾക്ക് അധീനരായി പ്രവൃത്തിക്കുന്നതിനാൽ യഥാർത്ഥ ശിഷ്യത്വത്തിലേക്കുള്ള വളർച്ച മുരടിച്ചുപോയിരിക്കുന്നു. പരിശുദ്ധാത്മ നിറവിലുപരിയായി വാക്ചാതുര്യവും ആകർഷകമായ വ്യക്തിത്വവും സംഘടനാപാടവവും ഉള്ളവരെയാണ് നേതൃനിരയിലേക്ക് പ്രതീക്ഷിക്കുന്നത്. ഇങ്ങനെയുള്ളവർക്കു യഥാർത്ഥ ശിഷ്യത്വത്തിലേക്കു സഭയെ നടത്തുവാൻ കഴിയാതെ പോകുന്നു.

ഇന്ന് ഭൂരിപക്ഷം പേരും ഉയർത്തുന്ന അവകാശവാദങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് ലൂക്കോസ് 18:8 ൽ മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന് യേശുകർത്താവ് ചോദിക്കുന്നത്. യുഗാന്ത്യത്തിൽ ദൈവത്തിന്റെ ശക്തിയെ പരിമിതപ്പെടുത്തിക്കാണുന്ന ക്രിസ്ത്യാനികൾക്കുള്ള ശക്തമായ ഒരു താക്കീതും മുന്നറിയിപ്പുമാണിത്. ലൗകീകതയിലേക്കു വലിക്കുന്ന ആകർഷണ ശക്തികളെ

എതിർത്ത് പ്രതിരോധിക്കുവാൻ, 'ഞാൻ വരുമ്പോൾ നിന്നിൽ വിശ്വാസം കണ്ടെത്തുമോ' എന്ന വ്യക്തിപരമായ ചോദ്യത്തിലൂടെ കർത്താവു നമ്മോടു ഓരോരുത്തരോടുംആഹ്വാനംചെയ്യുകയാണ്. രാവും പകലും ദൈവത്തോട് നിലവിളിച്ചു പ്രാർത്ഥിക്കുന്ന തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രാർത്ഥനയോട് വിശ്വാസത്തെയും കോർത്തിണക്കിക്കൊണ്ടാണ് യേശുകർത്താവ് സംസാരിക്കുന്നതെന്ന ശ്രദ്ധയോടെ വേണം തന്റെ ചോദ്യത്തോടുള്ള നമ്മുടെ പ്രതികരണം. ഉപദേശങ്ങളുടെ അറിവിനെക്കുറിച്ചല്ല കർത്താവു ചോദിക്കുന്നത് മറിച്ചു വിശ്വാസത്തിന്റെ ആഴത്തെക്കുറിച്ചാണ്. മനുഷ്യപുത്രൻ വരുമ്പോൾ ഉപദേശം കണ്ടെത്തുമോ എന്നല്ല, പ്രത്യുത, വിശ്വാസം കണ്ടെത്തുമോ എന്നാണ് ചോദ്യം. നമ്മുടെ അറിവിനെയല്ല മറിച്ചു ഹൃദയത്തെയാണ് ഇവിടെ കർത്താവു ശോധന ചെയ്യുന്നത്. മടുത്തുപോകാതെ, നിരാശനാകാതെ നിരന്തരം പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരെ പ്രേരിപ്പിക്കുന്ന വാക്കുകളാണ് ലൂക്കോസ് 18:1 മുതൽ കർത്താവു പറഞ്ഞത്. പ്രകൃത്യാതീതവും അമാനുഷീകവുമായ ദൈവശക്തി കരസ്ഥമാക്കി വിശ്വാസത്തിൽ വർദ്ധിച്ചുവരുവാൻ ആണ് ഈ രൂപകത്തിൽ കർത്താവു വ്യക്തമാക്കുന്നത്. ഹൃദയകാഠിന്യമുള്ള അധാർമ്മികനായ, ഒരു ന്യായാധിപന്റെ അടുക്കൽ നിയമ സംരക്ഷണത്തിനായി എത്തിച്ചേരുന്ന ഒരു വിധവയുടെ അനുഭവം വിവരിച്ചുകൊണ്ടാണ് വിശ്വാസത്തിന്റെ ഗുണമേന്മ വ്യക്തമാക്കുന്നത്. തുടക്കത്തിൽ അയാൾക്ക് ന്യായം നടത്തികൊടുക്കുവാൻ മനസില്ലാതിരുന്നു എങ്കിലും വിധവ നിരന്തരം ശല്യപ്പെടുത്തുന്നതുകൊണ്ടു, 'ഇവൾക്ക് വേണ്ടി ഞാൻ ന്യായം നടത്തും' എന്ന ഒരു തീരുമാനത്തിലേക്ക് അയാൾ വന്നു. അങ്ങനെ അവൾ തന്റെ നിയമ അവകാശം കരസ്ഥമാക്കി. വിധവയുടെ ഉറച്ച നിലപാടിന് മുൻപിൽ അധാർമ്മികനായ ഈ ന്യായാധിപൻ ഇങ്ങനെയാണ് പ്രതികരിച്ചതെങ്കിൽ, ദൈവത്തോട് രാപ്പകൽ നിലവിളിക്കുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ കാര്യത്തിൽ ദൈവം നീതി ചെയ്യുക തന്നെ ചെയ്യും എന്ന് കർത്താവു ഉറപ്പിച്ചു പറയുന്നു.


**പ്രാർത്ഥനയ്ക്കുത്തരം താമസിക്കുന്നത് എന്തുകൊണ്ട്?**

നമ്മുടെ സ്വർഗീയ ന്യായാധിപൻ പ്രാർത്ഥനകളുടെ മറുപടിക്ക് അല്പം അമാന്തം കാണിച്ചാലും അധികം താമസിപ്പിക്കുകയില്ല. അവർക്കു വേണ്ടി അവിടുന്ന് വേഗത്തിൽ നീതി നടത്തും, വേഗത്തിൽ എന്ന് കർത്താവു പറയുമ്പോൾ ആ വാക്കിന്റെ അർഥം നാം മനസിലാക്കുന്നത് അല്പം വ്യത്യസ്തമായാണ്. ദൈവത്തിന്റെ ആകമാന പദ്ധതിയിൽ 'അല്പം താമസം' ദൈവം ഉൾക്കൊള്ളിച്ചിരിക്കുന്നത് നമ്മിൽ സ്ഥിരോത്സാഹം ഉളവായി വർധിച്ചു വരേണ്ടതിനാണ്. നമ്മുടെ സ്വഭാവ രൂപീകരണത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന സഹിഷ്ണുത നമ്മിൽ ഉളവാക്കേണ്ടതിനു ചില സന്ദർഭങ്ങളിൽ പ്രാർത്ഥനയ്ക്ക് ഉത്തരം വൈകാറുണ്ട്. വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം എന്ന് തിരുവെഴുത്തിൽ നാം കാണുന്നു. ദൈവത്തിന്റെ തിരുമനസ്സ് നിറവേറ്റാനും വാഗ്ദാനം ചെയ്തിരിക്കുന്നത് പ്രാപിക്കുവാനും നിങ്ങൾക്ക് സഹനശക്തി ആവശ്യമാണ് (എബ്രായർ 10:36).

ആകയാൽ ദൈവം താമസിപ്പിക്കുന്നതിനെ ദൈവം നിരാകരിക്കുന്നു എന്ന് നാം ഒരിക്കലും വ്യാഖ്യാനിക്കരുത്. നമ്മുടെ വിശ്വാസത്തിന്റെ പൂർത്തീകരണത്തിനായി ദൈവം ഉപയോഗിക്കുന്ന ഒരു ആയുധമാണ് മറുപടിക്കുള്ള താമസം. പ്രാർത്ഥനയ്ക്കുള്ള മറുപടി താമസിക്കുമ്പോഴും പരാജയങ്ങൾ നേരിടുമ്പോഴും നമ്മുടെ വിശ്വാസത്തിൽ ദൈവത്തിലാശ്രയിക്കുന്ന ഒരു നിർബന്ധബുദ്ധി അഥവാ ദൈവത്തെ അള്ളിപ്പിടിക്കുന്ന ഒരു സ്വഭാവം നമ്മിൽ കർത്താവു പ്രതീക്ഷിക്കുന്നു. മറുപടി താമസിക്കുംതോറും നമ്മിൽ വർധിച്ചു വരുന്ന, പ്രതികൂലത്തെ അതിജീവിക്കുന്ന സഹനശീലം നമ്മിൽ രൂഢമൂലമാകേണ്ടത് ഏതു പ്രതിസന്ധിഘട്ടങ്ങളെയും ജയിക്കുവാൻ അനിവാര്യമാണ്. നമ്മുടെ വിശ്വാസത്തിൽ ഈ ശക്തമായ സഹനശീലം സ്വർഗീയപിതാവ് കാണുമ്പോൾ അത് തന്റെ ഹൃദയത്തെ വല്ലാതെ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നത് വഴി തന്റെ ജനത്തിനു അവരർഹിക്കുന്ന നിയമ പരിരക്ഷ അവിടുന്ന് നൽകുന്നു.

●

**നമ്മുടെ സ്വഭാവ രൂപീകരണത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന സഹിഷ്ണുത നമ്മിൽ ഉളവാക്കേണ്ടതിനു ചില സന്ദർഭങ്ങളിൽ പ്രാർത്ഥനയ്ക്ക് ഉത്തരം വൈകാറുണ്ട്.**



ഡേവിഡ് വിൽക്കേഴ്സൺ

# പാപമെന്ന കുഷ്ഠത്തെ വെളിപ്പെടുത്തുന്ന വിശുദ്ധ സ്ഥലം

വിശുദ്ധിയുടെ അനുഭവമില്ലാത്ത ഒരു വ്യക്തിയെ നല്ല ഒരായുധമായി ദൈവത്തിനു ഉപയോഗിക്കുവാൻ സാധ്യമല്ല. വിശുദ്ധിയുടെ അനുഭവത്തിൽ ജീവിക്കുന്ന വിശുദ്ധനായ ഒരു മനുഷ്യനെ, പരിശുദ്ധനായ ദൈവം തന്റെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. വിശുദ്ധ സ്ഥലം എന്നത് അക്ഷരീകമായ ഒന്നിനെയല്ല, മറിച്ചു ആത്മികമായ ഒന്നായിട്ടാണ് നാം മനസിലാക്കേണ്ടത്. താൻ നിൽക്കുന്നതു വിശുദ്ധ സ്ഥലത്തു ആകയാൽ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചുകളയുവാൻ ദൈവം മോശെയോടു ആവശ്യപ്പെട്ടത്, അത് വിശുദ്ധമായ ഭൗതീക സ്ഥലം എന്ന അർത്ഥത്തിലല്ല, പ്രത്യുത ഉയർന്ന ഒരു ആത്മിക നിലവാരം എന്ന അർത്ഥത്തിലാണ്. 'ഇങ്ങോട്ടു അടുക്കരുത്, നീ നിൽക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചുകളക' എന്നാണ് കത്തുന്ന മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് ദൈവം മോശെയെ വിളിക്കുമ്പോൾ കല്പിച്ചത്.

മോശെ നിന്നിരുന്ന സ്ഥലം വിശുദ്ധമാണെന്ന് പറയുന്നു. വിശുദ്ധ സ്ഥലം എന്ന വാക്ക് സൂചിപ്പിക്കുന്നത് അവസാനമായി മോശെ എത്തിച്ചേർന്നിരുന്ന ആത്മിക നിലവാരത്തെയാണ്. മോശെയുടെ ജീവിതത്തിൽ ദൈവത്തിനു ഇടപെട്ടു അവനെ ബോധ്യപ്പെടുത്തുവാനും പ്രയോജനപ്പെടുത്തുവാനും കഴിയുന്ന ഒരു നിലവാരത്തിലേക്ക് അപ്പോഴേക്കും മോശെ വളർന്നു വന്നിരുന്നു. ദൈവം പറയുന്ന കാര്യങ്ങൾ മനസിലാക്കി അംഗീകരിക്കുവാൻ കഴിയുന്ന അവസ്ഥയിലേക്കുള്ള ഒരു വളർച്ച. പരിശുദ്ധനായ ദൈവത്തിനു അവനോടു ഇടപെട്ടു, ബോധ്യപ്പെടുത്തുവാനും ദൈവകരങ്ങളിൽ ഉപയോഗിക്കുവാനും തക്കവണ്ണം ആത്മിക പക്വതയിലേക്കുള്ള ഒരു വളർച്ച. മോശെയെ മാത്രമാണ് ഈ അനുഭവത്തിൽ ദൈവം ഒരുക്കിയെടുത്തത് എന്നല്ല നാം ചിന്തിക്കേണ്ടത്. അതേസമയം യിസ്രായേൽ ജനത്തെയും തങ്ങളുടെ പുറപ്പാടിനായും പ്രയാണത്തിനായും മോശെയെ അംഗീകരിക്കുന്നതിനായും ദൈവം രൂപപ്പെടുത്തികൊണ്ടിരുന്നു. അതല്ലാതെ മോശെയെ മാത്രം ആത്മിക പക്വതയിലേക്കു വളർത്തേണ്ടതിനു ഒരു രാജ്യത്തെ മുഴുവനായും അടിമത്വത്തിൽ ദൈവം വച്ചിരുന്നു എന്ന് ചിന്തിക്കുന്നത്

**മോശെയുടെ ജീവിതത്തിൽ ദൈവത്തിനു ഇടപെട്ടു അവനെ ബോധ്യപ്പെടുത്തുവാനും പ്രയോജനപ്പെടുത്തുവാനും കഴിയുന്ന ഒരു നിലവാരത്തിലേക്ക് മോശെ വളർന്നു വന്നിരുന്നു. ദൈവം പറയുന്ന കാര്യങ്ങൾ മനസിലാക്കി അംഗീകരിക്കുവാൻ കഴിയുന്ന അവസ്ഥയിലേക്കുള്ള ഒരു വളർച്ച.**

ഉചിതമല്ല. ആത്മിക പക്വതയുള്ള പ്രഗത്ഭനായ ഒരു നേതാവായി മോശെയെ ഒരുക്കുന്നതോടൊപ്പം യിസ്രായേൽ ജനതതികളെയും ദൈവം ഒരുക്കികൊണ്ടിരുന്നു. മുഖപക്ഷമുള്ള ദൈവമല്ല നമ്മുടെ ദൈവം. സ്നേഹത്തിൽ അധിഷ്ഠിതമായ ന്യായവിധികളിലൂടെ യഹോവയ്ക്കായി ദാഹിക്കുന്ന ഒരു ജനതയായി യിസ്രായേലിനെ വിശുദ്ധസ്ഥലത്തേക്കു ദൈവം നയിക്കുകയായിരുന്നു.

വാസ്തവമായും ദൈവീക സ്പർശം അനുഭവിച്ച ഒരു വ്യക്തിയാണ് മോശെ. അമാനുഷികമായ നിലയിൽ വിളിക്കപ്പെട്ടവനും ദൈവം ആരാണെന്നതിനെക്കുറിച്ച് വ്യക്തമായ വെളിപ്പാടുള്ളവനും ആയിരുന്നു മോശെ. ദൈവത്തിന്റെ മാർഗനിർദേശം പ്രാപിച്ച ചുരുക്കം ചിലരിൽ ഒരാളായിരുന്നു മോശെ. അവൻ സൗമ്യനും, ദൈവഭയമുള്ളവനും, ദൈവത്തെ ആദരിക്കുവാനുള്ള ആത്മഭാരമുള്ളവനും ആയിരുന്നു. ജനം പാപം ചെയ്തപ്പോഴൊക്കെയും അവന്റെ ഹൃദയം വേദനിക്കയും ദൈവത്തോട് അവർക്കു വേണ്ടി ഇടിവിൽ നിന്ന് മധ്യസ്ഥം ചെയ്യുകയും ചെയ്തു.

നിന്റെ കൈ മാർവിടത്തിൽ ഇടുകയെന്നു ദൈവം കല്പ്പിച്ചപ്പോൾ, അത് ഹിമം പോലെ വെളുത്തു കുഷ്ഠമുള്ളതായി കണ്ടു. വീണ്ടും കൈ മാർവിടത്തിലിട്ടു തിരിച്ചെടുത്തപ്പോൾ അത് പൂർവസ്ഥിതി പ്രാപിച്ചതായും കണ്ടു. കൈ സ്വന്തം മാർവിടത്തിലിട്ടു കുഷ്ഠമാണെന്നു തിരിച്ചറിഞ്ഞത് എത്രയോ സംഭ്രമജനകമാണ്! ജഡത്തിന്റെ ധാർമികഅധ:പ്പതനം കാണിക്കുന്ന വ്യക്തമായ ഒരു ദൃഷ്ടാന്തപാഠം. നമ്മിലെ പഴയ മനുഷ്യനിൽ മരണം ഉളവാക്കുന്ന പാപരോഗം അല്ലാതെ മറ്റെന്താണ് ഉള്ളത്? ജനത്തെ വിടുവിക്കേണ്ടതിനു കുഷ്ഠം ഉള്ള തന്റെ കൈ നീട്ടിയാൽ വിടുതൽ എങ്ങനെ സാധിക്കും? അസാധ്യം തന്നെ! ദൈവത്തിന്റെ മനുഷ്യൻ പഠിച്ചിരിക്കേണ്ട ശക്തിമത്തായ ഒരു പാഠമാണ് ഇത്. ഇത്തരം ദൃഷ്ടാന്തപാഠങ്ങളിലൂടി ആണ് ദൈവം മനുഷ്യനോട് സംസാരിക്കുന്നതു.

ശുശ്രൂഷയിൽ സ്വയത്തിന്റെ ആത്മാവാണ് ഒരുവനെ നിയന്ത്രിക്കുന്നതെങ്കിൽ ആളുകളെ മുറിപ്പെടുത്തുകയും ദൈവനാമത്തിനു അപമാനം വരുത്തുകയുമാവും ഫലം. നയനകർണാനന്ദകരമായി ജഡത്തിലാണ് ശുശ്രൂഷയെങ്കിൽ ജീവനല്ല മരണമാണ് അവിടെ വ്യാപരിക്കുക. മനോഭാവത്തിൽ നിന്ന് മാറ്റുവാൻ പറ്റാത്തതും

**അവൻ സൗമ്യനും, ദൈവഭയമുള്ളവനും, ദൈവത്തെ ആദരിക്കുവാനുള്ള ആത്മഭാരമുള്ളവനും ആയിരുന്നു. ജനം പാപം ചെയ്തപ്പോഴൊക്കെയും അവന്റെ ഹൃദയം വേദനിക്കയും ദൈവത്തോട് അവർക്കു വേണ്ടി ഇടിവിൽ നിന്ന് മധ്യസ്ഥം ചെയ്യുകയും ചെയ്തു.**

കുഷ്ഠസമാനവും ആയ മിസ്രയിമിലെ പഴയ പ്രകൃതം ശുശ്രൂഷകളിൽ നിഷ്ഫലമാണ്. ദൈവത്തിന്റെ ശക്തിയാൽ മഹത്വത്തിലേക്കു എടുക്കപ്പെടണമെങ്കിൽ, പുതിയമനുഷ്യൻ നമ്മിൽ തികവിലേക്കു വളർന്നു ക്രിസ്തുവിന്റെ പരിജ്ഞാനപൂർത്തി പ്രാപിക്കേണ്ടതാണ്.

ആദ്യം കൈ മാർവിലിട്ടപ്പോൾ കുഷ്ഠം കണ്ടു എങ്കിലും വീണ്ടും ഇട്ടപ്പോൾ കുഷ്ഠം മാറിയതായി കണ്ടു. സകല യിസ്രായേലും കാൺകെ മോശെ ഇങ്ങനെ ചെയ്യണമായിരുന്നു. ഇവിടെ ജനം തങ്ങളുടെ സ്വന്ത കണ്ണാൽ കണ്ടത്, കർത്താവിന്റെ ദാസനിൽ വ്യാപാരിച്ച അത്ഭുതകരമായ അഭിഷേകം മാത്രമല്ല, അവനിൽ അടങ്ങിയിരുന്ന ഭയാനകമായ പാപപ്രകൃതവും കൂടിയാണ്. എങ്കിലും ദൈവകൽപ്പന അനുസരിച്ചു അവൻ വീണ്ടും കൈ മാർവിടത്തിലിട്ടപ്പോൾ കുഷ്ഠം മാറിയതുപോലെ, വചനം അനുസരിച്ചു പ്രവർത്തിക്കുമ്പോൾ ഭീകരമായ പാപം ദൈവം ക്ഷമിച്ചു നമുക്ക് ശുദ്ധീകരിക്കപ്പെടുവാനും കഴിയും എന്ന് ഇതിലൂടെ മനസിലാക്കാവുന്നതാണ്. ജനത്തിന്റെ ദൃഷ്ടി മോശെയുടെ മേൽ അല്ല, പ്രത്യുത 'ഞാനാകുന്നവൻ ഞാനാകുന്നു' എന്നരുളിച്ചെയ്ത അത്യുന്നതനായ ദൈവത്തിന്റെ മേൽ ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. തങ്ങളുടെ ഉള്ളിൽ മറഞ്ഞിരുന്ന പാപമാകുന്ന കുഷ്ഠത്തെ ഭയപ്പെട്ടിരുന്നതിനാൽ ഏതെങ്കിലും യിസ്രായേല്യൻ അവന്റെ കൈ സ്വന്തം മാർവിടത്തിൽ ഇടുവാൻ അന്ന് ധൈര്യപ്പെടുമായിരുന്നോ? അന്നേദിവസം ജഡത്തിന്റെ സകല മലിനതകളും അധാർമ്മികതകളും മറനീക്കി പുറത്തു വരികയായിരുന്നു. അതായതു കൈമേൽ കണ്ട കുഷ്ഠം, മോശെയുടെയും സകല യിസ്രായേൽ ജനത

യുടെയും, നമ്മുടെയും ഉള്ളിൽ അന്തർലീനമായിരിക്കുന്ന പാപപ്രകൃതത്തെയും കൂടിയാണ് കാണിക്കുന്നത്.

ഇവിടെ മോശെ കൈനീട്ടുന്നതു തന്റെ ശുശ്രൂഷയെ സൂചിപ്പിക്കുന്നു. മോശെ ചെങ്കടലിനെ വിഭജിച്ചു, മറ്റനവധി അത്ഭുതങ്ങൾ നിറവേറി. ഇന്ന് നമ്മിലാരെങ്കിലും പാപപങ്കിലമായ കൈനീട്ടി അന്നത്തേതുപോലെ ഏതെങ്കിലും ശുശ്രൂഷ ചെയ്യുവാൻ ധൈര്യപ്പെടുമോ? മറഞ്ഞിരിക്കുന്ന പാപമാകുന്ന കുഷ്ഠംതിങ്ങിയ ഹൃദയത്തോടെ കർത്താവിന്റെ വേല ചെയ്യുവാൻ ആർക്കു കഴിയും? പാപസ്വഭാവവും അതിന്റെ സ്വാധീനവും നമ്മുടെ പഴയ മനുഷ്യനിൽ എല്ലായ്പ്പോഴും ഉണ്ട്. നമ്മുടെ ആത്മക്കണ്ണുകൾക്കു മുൻപിൽ അവ വെളിപ്പെടുകയും ഏറ്റുപറഞ്ഞു ഉപേക്ഷിക്കുകയും വേണം. നമ്മിൽ ഒരു നന്മയും വസിക്കുന്നില്ലായെന്നു മാത്രമല്ല, നമ്മുടെ ഉള്ളിൽ പാപമാകുന്ന കുഷ്ഠം മറഞ്ഞിരിക്കുകയും ചെയ്യുന്നു. ആത്മാവിനോട് പോരാടുന്ന ജഡമോഹങ്ങൾ ഭീകരമായ അവസ്ഥയാണ് നമ്മിൽ സംജാതമാക്കുന്നത്. അവയെ ക്രൂശിൽ തറച്ചു മരിപ്പിക്കുക തന്നെ വേണം. ദൈവനാമത്തിൽ ചെയ്ത നിരവധി പ്രവൃത്തികളെ ദൈവം നിരാകരിക്കേണ്ടിവരുന്നത് അവിടുത്തെ ഹൃദയത്തിൽ എത്രമാത്രം ദു:ഖം ഉളവാക്കുന്നു എന്ന് നാം ചിന്തിച്ചിട്ടുണ്ടോ? കാരണം, അത്തരം പ്രവർത്തികളിൽ കുഷ്ഠമുണ്ട്. അതായത് അഹംഭാവത്തിന്റെയും, വ്യക്തിഗത വിജയത്തിലേക്കുള്ള മത്സരമനോഭാവത്തിന്റെയും, സ്വയപ്രശംസയുടെയും എന്നിങ്ങനെ നീണ്ടു പോകുന്ന ഒരു വലിയ ലിസ്റ്റു തന്നെ കുഷ്ഠരോഗത്തിന്റെ ഈ ഗണത്തിൽ പെടുത്താവുന്നതാണ്.

പാപത്തിന്റെ കുഷ്ഠം ബാധിച്ച ഒരുവൻ തൊടുന്നിടത്തൊക്കെയും രോഗവ്യാപനം ആ ശുശ്രൂഷയെ വലിയ ഒരളവിൽ മലിനപ്പെടുത്തുകയും തടസപ്പെടുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഒരു കുഷ്ഠരോഗിയുടെ കൈയിലിരിക്കുന്ന കേക്ക്പീസ് എത്ര സ്വാദിഷ്ടമായിരുന്നാലും അത് വാങ്ങി കഴിക്കുവാൻ നാം തയ്യാറാവുമോ? ഒരുവൻ ദൈവത്തിന്റെ പ്രവർത്തി, പകിട്ടേറിയതും വർണ്ണശബളമായതും പ്രൗഢഗംഭീരവുമായ വിധത്തിൽ ആരംഭം കുറിച്ചുവെന്നു വരാം. വളരെ നന്നായിരിക്കുന്നു എന്ന് മറ്റുള്ളവർ അതിനെ പ്രശംസിച്ചു എന്നും വരാം. എന്നാൽ അവന്റെയുള്ളിൽ കുഷ്ഠത്തിന്റെ മാലിന്യം ഉണ്ടായിരുന്നുവെങ്കിൽ ഒരുനാൾ ആ സത്യം മറനീക്കി പുറത്തുവരും.അത് ആ വ്യക്തിയെയും ശുശ്രൂഷയെയും മുഴുവൻ നശിപ്പിച്ചു ഉന്മൂലനാശം ചെയ്യും.

**അതുവരെ പരമരഹസ്യമായി മറച്ചു വച്ചിരുന്ന നിഗൂഢ പാപങ്ങൾ വെളിച്ചത്താകുന്നു. ചെയ്തുപോയ പാപങ്ങൾ നമ്മുടെ മുഖത്തേക്ക് തന്നെ വിരൽ ചൂണ്ടുമ്പോൾ കണ്ണടച്ച് ഇരുട്ടാക്കാനാവുമോ? നിഷേധിക്കാനാവുമോ?**


കുഷ്ഠം എന്നാൽ പാപമല്ലാതെ മറ്റെന്താണ്? മറച്ചുവച്ചിരിക്കുന്ന, വെളിപ്പെടുത്താത്ത, ഉപേക്ഷിക്കാത്ത പാപമാണ് കുഷ്ഠം. ദൈവത്താൽ ആകർഷിക്കപ്പെട്ട് ഒരുവൻ വിശുദ്ധ സ്ഥലത്തേക്ക് എത്തിച്ചേരുമ്പോൾ അവനിലെന്തു സംഭവിക്കുന്നു? അവന്റെ അന്തരാത്മാവ് അനാവരണം ചെയ്യപ്പെടുന്നു! അതുവരെ പരമരഹസ്യമായി മറച്ചു വച്ചിരുന്ന നിഗൂഢ പാപങ്ങൾ വെളിച്ചത്താകുന്നു. ചെയ്തുപോയ പാപങ്ങൾ നമ്മുടെ മുഖത്തേക്ക് തന്നെ വിരൽ ചൂണ്ടുമ്പോൾ കണ്ണടച്ച് ഇരുട്ടാക്കാനാവുമോ? നിഷേധിക്കാനാവുമോ? ദൈവനാമ മഹത്വത്തിനായി എന്ത് ചെയ്തു എന്ന് ആരോടും ഒന്നും പറയുവാനില്ലെങ്കിൽ നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുകയല്ല ചെയ്യുന്നത്.

ജഡത്തിലുള്ള പാപം വെളിപ്പെട്ടു വന്നതിന്റെ പശ്ചാത്തലത്തിൽ എത്രത്തോളം വിനയപ്പെടാൻ കഴിയുമോ അത്രത്തോളം സ്വയം താഴ്ത്തുന്ന ഒരു അനുഭവത്തിലെത്തിച്ചേരുന്നു. അതായത് ദൈവം പറയുന്ന കാര്യങ്ങൾ മനസിലാക്കി അംഗീകരിച്ചു അനുസരിക്കുവാൻ കഴിയുന്ന അവസ്ഥയിലേക്കുള്ള വളർച്ചയാണ്, വിശുദ്ധ സ്ഥലത്തേക്ക് എത്തുക എന്നത്. അങ്ങനെയെങ്കിൽ പിന്നീട് ഒരുകാരണവശാലും പാപം കർതൃത്വം നടത്തുവാൻ സാധ്യതയുള്ള സാഹചര്യത്തെ നിങ്ങൾ ലഘുവായൊ നിസാരമായോ കണക്കാക്കുകയില്ല. സ്വന്തദൃഷ്ടിയിൽ നിസാരമെന്നു തോന്നുന്ന ഏതു പാപവും വചനമാകുന്ന മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ എത്ര ഭീകരം എന്ന് തിരിച്ചറിയുവാൻ കഴിയും.

●



ഡോ. സജികുമാർ കെ. പി.



# ഓൺലൈൻ വിദ്യാഭ്യാസത്തിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ

ഒരിക്കലും ഭാവനയിൽപ്പോലും സങ്കൽപ്പിക്കുവാൻ കഴിയാത്ത മാറ്റങ്ങളാണ് കോവിഡ് മഹാമാരി നമ്മുടെ വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവന്നിരിക്കുന്നത്. കണക്കുകൾ പറയുന്നത്, രണ്ടു കോടി മുപ്പത്തിയെട്ടു ലക്ഷം (23.8 മില്യൺ) കുട്ടികളുടെ വിദ്യാഭ്യാസത്തെ കോവിഡ് മഹാമാരി നേരിട്ട് ബാധിച്ചു എന്നാണ്. ഒരു ഭാഗത്ത് ഇന്നുവരെ ഇല്ലാതിരുന്ന അതിനൂതന സാങ്കേതിക വിദ്യ ഓൺലൈൻ വിദ്യാഭ്യാസരംഗത്ത് ഉപയോഗിച്ചു എന്നത് സത്യമാണ്. അധ്യാപകർ കൂടുതൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ ശീലിച്ചു. വിദ്യാർഥികളും രക്ഷിതാക്കളും ഇത്തരം സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ നിർബന്ധിതരായി.

എന്നാൽ മറുഭാഗത്ത് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പരിജ്ഞാനം കുറവുള്ള ഒരു വലിയ വിഭാഗം അധ്യാപകരും വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും ഇക്കാലത്ത് വളരെ ആശങ്കാകുലരായി. എന്നുമാത്രമല്ല, ഡിജിറ്റൽ ലോകത്തേക്കുള്ള സ്വാതന്ത്ര്യം കുട്ടികളെ ഇന്റർനെറ്റ് അഡിക്ഷനിലേക്കും സോഷ്യൽ മീഡിയയിലേക്കും ഓൺലൈൻ ഗെയിമുകളിലേക്കും വല്ലാതെ ആകർഷിച്ചു അടിമപ്പെടുത്തി എന്നത് നമുക്കെല്ലാം ആശങ്ക നൽകുന്ന ഒന്നാണ്. കോവിഡ് കാലത്ത് മാതാപിതാക്കളുടെ ഏറ്റവും വലിയ തലവേദന, കുട്ടികളുടെ അനിയന്ത്രിതമായ ഇന്റർനെറ്റ് ഉപയോഗം തന്നെയാണ്. ഈ ഉപയോഗം നിയന്ത്രണവിധേയമല്ലെങ്കിൽ അത് അഡിക്ഷനിലേക്കു നയിച്ചേക്കാം.

പല കുട്ടികൾക്കും വേണ്ടത്ര രീതിയിൽ വിദ്യാഭ്യാസം നൽകാൻ ഈ കാലത്ത് അധ്യാപകർക്ക് കഴിഞ്ഞിട്ടില്ല. നെറ്റ് വർക്കിന്റെ അപര്യാപ്തതയും ടച്ച്ഫോൺ ഇല്ലാത്തതും മറ്റും ധാരാളം കുട്ടികളെ പ്രതിസന്ധിയിലാക്കി. ട്യൂഷൻ നൽകാൻ കഴിയാത്തതും, ഓൺലൈനിൽ പറഞ്ഞു കൊടുക്കുന്നത് നന്നായി മനസ്സിലാക്കുവാൻ കഴിയാത്തതും ഒക്കെ വലിയ പ്രശ്നമാണ് വരുത്തിവെച്ചിരിക്കുന്നത്. വലിയ സ്വപ്നം മുന്നിൽ കണ്ടിരുന്ന കുട്ടികൾ ഇന്ന് വലിയ ആശങ്കയിലാണ്. പ്രതീക്ഷ നഷ്ടപ്പെടുന്ന അവസ്ഥയിൽ ധാരാളം കുട്ടികൾ മാനസികസംഘർഷം ബാധിച്ച അവസ്ഥയിലുമാണ്.

എന്താണ് ഇതിനെല്ലാം ഒരു പോംവഴി? എങ്ങനെ ഇക്കാലത്ത് നമ്മുടെ കുട്ടികളെ പരീക്ഷയ്ക്കുവേണ്ടി ഒരുക്കാം? ഒന്നാമത് അവർക്ക് ഒരു സമയക്രമം രൂപപ്പെടുത്താൻ മാതാപിതാക്കളും അധ്യാപകരും മുൻകൈയെടുക്കണം. കുട്ടികളെ സംബന്ധിച്ചിടത്തോളം സ്കൂളിൽ പോകേണ്ട, ട്യൂഷന്പോകേണ്ട, ക്ലാസ്സിൽപോകേണ്ട എന്നിങ്ങനെ സകല ജീവിതക്രമങ്ങളും താറുമാറായതുകൊണ്ട് ധാരാളം സമയം ഓൺലൈൻ ഗെയിം കളിക്കാനും ഉറങ്ങാനും ചെലവഴിക്കുകയാണ്. രാത്രി വളരെ വൈകിയും ഇൻറർനെറ്റ് ഉപയോഗിച്ച് കൊണ്ടിരിക്കുകയും, രാവിലെ എഴുന്നേൽക്കാൻ കൂട്ടാക്കാതെ ഉച്ചവരെ കിടന്നുറങ്ങുകയും ചെയ്യുന്ന ശൈലി മാറ്റിയെടുക്കാൻ കുട്ടികളെ സഹായിക്കണം. അതിൽ കണിശമായ ചില നില

പാടുകൾ മാതാപിതാക്കൾ എടുത്തേ തീരൂ. കൃത്യസമയത്ത് എഴുന്നേൽക്കാനും കൃത്യസമയങ്ങളിൽ ക്ലാസ്സുകൾ അറ്റൻഡ് ചെയ്യാനും, കുറിക്കപ്പെട്ട സമയം മുതൽ കുറിക്കപ്പെട്ട സമയം വരെ പഠനത്തിന് നൽകുവാനും അവരെ പര്യാപ്തരാക്കുവാൻ അപ്പനും അമ്മയും ചേർന്ന് മുൻകൈ എടുക്കണം.

കുട്ടികളുടെ പഠനം നന്നായി മുന്നോട്ടു പോകുന്നില്ല എന്ന് കാണുമ്പോൾ ആദ്യം പ്രശ്നത്തിൽ ആകുന്നത് അമ്മമാരാണ്. അമ്മമാരുടെ ആശങ്ക പല വിധത്തിൽ കുട്ടികളിലേക്ക് പകരപ്പെടാറുണ്ട്. അനാരോഗ്യകരമായ വാക്കുകളും പെരുമാറ്റങ്ങളും ഒഴിവാക്കണം. കൃത്യമായ നിലപാടും ശക്തമായ വാക്കുകളും ഉപയോഗിക്കുന്നത് അനിവാര്യം ആയിരിക്കാം. എന്നാൽ നീ ഒരിക്കലും നന്നാവില്ല എന്നും നിന്നെ പോലെ ഒരു മകൻ/മകൾ എനിക്കുണ്ടായി പോയല്ലോ എന്നും പറയുന്നത് നാം ഉദ്ദേശിക്കുന്നതിനേക്കാൾ ആഴത്തിലുള്ള മുറിവ് കുട്ടികളുടെ ഹൃദയത്തിൽ ഉണ്ടാക്കിയേക്കാം. ആകയാൽ ഇത്തരം വാക്കുകളും ശൈലികളും അപ്പനമ്മമാർ ഒഴിവാക്കണം. അതുപോലെ കുട്ടിയെ നന്നാക്കിയെടുക്കാൻ നല്ല ഉദ്ദേശ്യത്തോടെ ആണെങ്കിൽപ്പോലും മറ്റാരെയെങ്കിലും താരതമ്യപ്പെടുത്തി സംസാരിക്കുന്നത് നാം ആഗ്രഹിക്കുന്നതിനു എതിരായ ഫലം ഉണ്ടാക്കിയേക്കാം.

ഓൺലൈൻ പഠനത്തിന്റെ അതിപ്രസരവും, ഓൺലൈൻ സ്വാധീനതകളുടെ വർദ്ധനവും, കുട്ടികളിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നു എന്നതിൽ തർക്കമില്ല. ലൈംഗിക അതിപ്രസരം ഉള്ള വീഡിയോകൾ കാണുക, തെറ്റായ ബന്ധങ്ങളിൽ അകപ്പെടുകയും അങ്ങനെ ലൈംഗിക ചൂഷണത്തിന് വഴങ്ങിക്കൊടുക്കുകയും ചെയ്യുക, തെറ്റായതും അതിർവരമ്പ് ലംഘിക്കുന്നതുമായ വീഡിയോ കോളുകൾ ചെയ്യുകയും അത് റിക്കാർഡ് ചെയ്യുന്ന ചൂഷണ വിദഗ്ധരുടെ വലയിൽ ആയിത്തീരുക, എന്നിങ്ങനെ ഓൺലൈൻ പഠനകാലം നമ്മുടെ കുട്ടികളെ ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമുള്ള ചതിക്കുഴികളിൽ അകപ്പെടുത്തിയിട്ടുണ്ട്. ഇന്നും ഇത്തരം സാദ്ധ്യതകൾ നിലനിൽക്കുന്നു എന്നത് ജാഗ്രതയോടെ നാം മനസിലാക്കേണ്ട വസ്തുതയാണ്.

അത്തരം ദുഷ്പ്രവണതകൾ ആദ്യം കണ്ടെത്തേണ്ടത് മാതാപിതാക്കളാണ്. അത് കണ്ടെത്തണമെങ്കിൽ ഈ ഓൺലൈൻ കാലത്ത് അവരെ

**എന്തും തുറന്നു പറയുവാൻ കഴിയുന്ന ഒരു നല്ല ബന്ധം രൂപപ്പെടുത്തണം. കുട്ടികളോട് കൂടെ വ്യക്തിപരമായി സമയം ചെലവിടാനും സംസാരിക്കുവാനും മാതാപിതാക്കൾ സമയം കണ്ടെത്തണം**

നന്നായി വീക്ഷിക്കണം. അവരോട് നന്നായി അടുത്തിടപഴകണം. എന്തും തുറന്നു പറയുവാൻ കഴിയുന്ന ഒരു നല്ല ബന്ധം രൂപപ്പെടുത്തണം. കുട്ടികളോട് കൂടെ വ്യക്തിപരമായി സമയം ചെലവിടാനും സംസാരിക്കുവാനും മാതാപിതാക്കൾ സമയം കണ്ടെത്തണം. ഒരു ചതിക്കുഴിയിൽ അഥവാ അവർ അകപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തിയാൽ ശാന്തരായി അവരോടൊപ്പം ഇരുന്ന് അതിന്റെ വരുംവരായ്കകളെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കി കൊടുക്കണം. അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന ഒരു പദ്ധതി തയ്യാറാക്കണം. ആവശ്യമെങ്കിൽ ഒരു നല്ല ക്രിസ്തീയ കൗൺസലറുടെ സേവനം ഉപയോഗിക്കണം.

സംഘർഷങ്ങൾ നിറഞ്ഞ ഈ പരീക്ഷാകാലത്ത് കുട്ടികൾക്ക് ആവശ്യം ക്ഷമയോടെ അവരെ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കളെ ആണ്. കൃത്യമായ അച്ചടക്കത്തോടെ സമയക്രമം പാലിച്ച് പഠിക്കാൻ സാധിക്കുന്ന മക്കൾ നല്ല മാർക്ക് വാങ്ങുക തന്നെ ചെയ്യും. പഠനത്തെ പിന്നോട്ടടിക്കുന്ന ഓരോ തെറ്റായ സ്വാധീനതകളെയും തിരിച്ചറിഞ്ഞ് അതിൽ നിന്നും ആവശ്യമെങ്കിൽ മറ്റുള്ളവരുടെ സഹായം സ്വീകരിച്ച് പുറത്തു വരുവാൻ ആത്മാർത്ഥമായ ശ്രമം കുട്ടികളുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. നല്ല ഒരു ജോലിസാധ്യത ലക്ഷ്യമാക്കിയും സമൂഹത്തോട് പ്രതിബദ്ധതയുള്ള, സമൂഹത്തിനു നന്മ ചെയ്യുന്ന, ധാർമികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവ്യക്തിത്വം ലക്ഷ്യമാക്കി പഠിക്കുവാൻ വേണ്ടി സ്വയം ഉത്തേജിപ്പിക്കണം. ആത്മിക നിലവാരങ്ങളിൽ വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ അതിനെ തിരിച്ചറിഞ്ഞു ദൈവസന്നിധിയിൽ സ്വയംകുറ്റം ഏറ്റുപറഞ്ഞു ആവശ്യമായ തിരുത്തലുകൾ വരുത്തി യഥാസ്ഥാനപ്പെടണം. അങ്ങനെ ദൈവാശ്രയത്താൽ പരീക്ഷാപ്പേടിയെ അകറ്റിനിർത്തണം. അപ്പോൾ കോവിഡ് കാലത്തെ പരീക്ഷ നമുക്ക് സധൈര്യം അഭിമുഖീകരിക്കുവാൻ സാധിക്കും. ■

# സ്വഭാവരൂപീകരണത്തിനുള്ള യന്ത്രശാലകൾ

ജീവിക്കുവാൻ പഠിപ്പിക്കുന്ന ഒരു പാഠ്യക്രമമോ സർവ്വകലാശാലയോ നിർഭാഗ്യവശാൽ നിലവിലില്ല. എന്താണ് വിദ്യാഭ്യാസം? ഒരുവനെ സമ്പൂർണ മനുഷ്യനാക്കുകയാണ് അതിന്റെ ലക്ഷ്യം. ഓൺ ലൈൻ വിദ്യാഭ്യാസം ഇന്ന് എല്ലാവർക്കും സുപരിചിതമാണ്. എന്നാൽ കുട്ടിക്ക് അവന്റെ ടീച്ചറെ അറിയാം എന്നല്ലാതെ സഹപാഠികളിൽ ആരെയെങ്കിലും അറിയാമോ? കൊണ്ടും കൊടുത്തും ഇടപെട്ടും വഴക്കടിച്ചും അങ്ങനെ അഭ്യസിക്കുന്ന കുറെ യേറെ പാഠങ്ങൾ ലഭിക്കുവാൻ ഒന്നിച്ചിരുന്നുള്ള ക്ലാസ്സിലെ അഭ്യസനം തന്നെ ആവശ്യമായി രിക്കുന്നു. കുട്ടി അറിയാതെ തന്നെ പ്രായോഗിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ അഭ്യസനം ലഭിക്കുന്നു ഇവിടെ. ഉദാഹരണത്തിന് മഴയിൽ നനയാതെ, ഉള്ള ഒരു കുടക്കീ ഴിൽ ആവുന്നത്ര കൂട്ടുകാരെ ചേർത്തുപിടിച്ചു നടന്നുപോകുമ്പോൾ ഉള്ളത് പങ്കുവയ്ക്കു വാൻ കുട്ടികൾ പഠിക്കുന്നു. അല്ലെങ്കിൽ അടുത്ത പറമ്പിൽ നിൽക്കുന്ന വാഴയുടെ ഒരില കടിച്ചുമുറിച്ചു തലയ്ക്കുമീതെ പിടിച്ചു മഴ നനയാതെ വീടണയുമ്പോൾ ചെറുതെങ്കിലും ഒരു പ്രതിസന്ധി മറികടക്കുവാൻ അഭ്യസിക്കുന്നു. കൂട്ടുകാരുമായി മാത്രമല്ല അവരുടെ മാതാപിതാക്കളുമായും അറിയാതെ തന്നെ ഒരു സൗഹൃദം ഉളവാക്കുന്നു. പൊതിച്ചോറ് കെട്ടുമ്പോൾ കൂട്ടുകാർക്കുള്ള ഒരു പങ്കു, ഒരു കഷ്ണം വറുത്ത മീനോ, മുട്ട പൊരിച്ചതിന്റെ ഒരു കഷണമോ, കൂട്ടുകാരന്റെ 'അമ്മ മകന്റെ കയ്യിൽ കൊടുത്തു വിടുന്നത് മറ്റുള്ളവരു മായി പങ്കു വയ്ക്കുവാനുള്ള നല്ല മനസ്സിന്റെ അഭ്യസനമല്ലേ? സമീപപ്രദേശങ്ങളിലുള്ള ഒട്ടു മിക്ക വീടുകളെയും വീട്ടുകാരെയും മനസിലാക്കുവാനും ഇത് സഹായിച്ചിരുന്നു. നിർഭാഗ്യ വശാൽ ഇന്നത്തെ സ്ഥിതി തൊട്ടടുത്ത അയൽവാസി ആരെന്നുപോലും അറിയാതെ ഒരു തലമുറ വളർന്നുവരുന്നു, തമ്മിലറിയാത്ത, പങ്കുവയ്ക്കാനറിയാത്ത ഒരു തലമുറ.

ബുദ്ധിവികാസം മാത്രം നൽകുന്ന പാഠ്യക്രമത്തെക്കാൾ ചുറ്റുപാടുകൾ മനസ്സിലാക്കി സ്നേഹത്തോടെ ജീവിക്കുവാൻ പരിശീലനം നൽകുന്ന പരിശീലന പദ്ധതികളാണ് ഈ കാലഘട്ടത്തിനു കൂടുതൽ അനുയോജ്യം. അനുദിനം അഭിമുഖീകരിക്കേണ്ടിവരുന്ന സാഹ ചര്യങ്ങളെ വിജയകരമായി തരണം ചെയ്യുവാൻ പരിശീലിച്ചവനല്ലേ അഭ്യസ്തവിദ്യൻ? ഇതിന്റെ അഭാവമാണ് ഇക്കാലഘട്ടങ്ങളിലെ കുടുംബജീവിത തകർച്ചയുടെ മുഖ്യ കാരണം. വിദ്യാലയങ്ങളും സർവകലാശാലകളും സ്വഭാവ രൂപീകരണത്തിനുള്ള യന്ത്രശാലകൾ ആ യിരിക്കണം. കല്ലും സിമെന്റും ഉപയോഗിച്ചു നിർമ്മിക്കാവുന്നതല്ല സൽസ്വഭാവം. അദ്ധ്യാ പകർക്ക് പുസ്തകത്താളിൽ നിന്ന് ചീന്തിയെടുത്തു തരുവാനും കഴിയുന്നതല്ലല്ലോ. ഇവ കു ട്ടികൾ കണ്ടും കേട്ടും മറ്റുള്ളവരുടെ മാതൃകാജീവിതത്തിൽ നിന്ന് പകർത്തിയെടുക്കേണ്ട താണ്. ഇതായിരിക്കണം കുട്ടികളെക്കുറിച്ചുള്ള മാതാപിതാക്കളുടെ ലക്ഷ്യം. മാതൃകാ പുരുഷന്മാരും മാതൃകാസ്ത്രീകളുമായി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരുന്നുവെങ്കിലെ ആരോഗ്യമുള്ള ഒരു സമൂഹം രൂപപ്പെടുകയുള്ളു.

ഓൺലൈൻ രീതി കുട്ടികളുടെ വായനാശീലത്തെയും ആശയവിനിമയത്തേയും പ്രതികൂ ലമായി ബാധിച്ചു എന്നുമാത്രമല്ല ഉറക്കക്കുറവും അമിത ഭക്ഷണരീതിയും ആവശ്യത്തിന് ഭക്ഷണം കഴിക്കാത്തതും അവരുടെ ആരോഗ്യത്തെയും ദോഷമായി ബാധിച്ചു. ഇത് മാതാ പിതാക്കൾക്കും അധ്യാപകർക്കും ആരോഗ്യവിദഗ്ദ്ധർക്കും ആശങ്ക ഉളവാക്കുന്നതായി. സൗഹൃദ അന്തരീക്ഷം ശീലിച്ചു വളരുവാനും വളർത്തുവാനും കഴിയാത്തതു വലിയ ദുർഘടങ്ങളിലേക്കും അധ?പതനത്തിലേക്കും വഴി തെളിക്കുന്നു. വളരെ ഗൗരവമായിത്തന്നെ അധികാരികളും ബന്ധപ്പെട്ട എല്ലാവരും ഇതിന്മൂലമുള്ള അപകടം മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. •



ചെയ്സ് ജോസഫ്

# ന്യായപ്രമാണത്തിനു സാധിക്കാത്ത കാര്യം

(ഏഴാം അധ്യായം) റോമാലേഖന പഠനം

റോമാ ലേഖനം ഏഴാം അധ്യായം ഒരു വിശ്വാസിയെ സംബന്ധിച്ച് വളരെ നിർണ്ണായക മാണ്. പാപത്തിന്റെ അടിമത്തം എന്താണെന്ന് നാം ശരിക്കു മനസ്സിലാക്കുന്നത് ഈ അധ്യായ ത്തിൽ നിന്നാണ് എന്ന് വേണമെങ്കിൽ പറയാം. നമ്മുടെ തീരുമാനങ്ങൾക്കോ നമ്മെ നിയന്ത്രി ക്കുന്ന പ്രമാണങ്ങൾക്കോ നമ്മുടെ ശുദ്ധമന:സാ ക്ഷിക്കോ നമ്മെ രക്ഷിക്കാൻ കഴിയാത്തതു എന്തു കൊണ്ടാണെന്നു ഈ അദ്ധ്യായം നമ്മെ പഠിപ്പി ക്കുന്നു. ഏഴാം അധ്യായം തുടങ്ങുന്നത് ന്യായ പ്രമാണത്തിനു ഒരു മനുഷ്യന്റെ ജീവിത കാലം മുഴുവനും അവന്റെ മേൽ ഉള്ള ആധിപത്യം ചൂ ണ്ടിക്കാണിച്ചു കൊണ്ടാണ്. ഒരു കുഞ്ഞു ജനിച്ചു കുറച്ചു ദിവസങ്ങൾ കഴിയുമ്പോഴേക്കും അവൻ ന്യായപ്രമാണത്തിനു കീഴിൽ ആക്കപ്പെടുന്നു. അത് അനിവാര്യവുമാണ്. കാരണം, പ്രമാണം ഉള്ളതു കൊണ്ടാണ് അവനു അവന്റെ പല സഹജ സ്വഭാവങ്ങൾക്കു അനുസൃതമായി പ്രവർത്തിക്കുവാൻ കഴിയാത്തത്. ഒരു മനുഷ്യൻ സ്വാഭാവികമായും അഥവാ ജന്മനാതന്നെ ഒരു വ ലിയ പാപി ആണെന്നാണ് ന്യായപ്രമാണം കാ ണിക്കുന്നത്. വളരെ ഗൗരവത്തോടെ പ്രമാണം ന ടപ്പാക്കിയില്ലെങ്കിൽ മനുഷ്യർ നിയമങ്ങൾ ഇല്ലാ ത്ത അരാജകവാദികൾ ആയി മാറും. പരസ്പരം കൊല്ലുകയും നിയന്ത്രണങ്ങൾ ഇല്ലാതെ ഒരാൾ മറ്റൊരാളെ ചൂഷണം ചെയ്യുകയും ആക്രമിക്കു കയും ചെയ്യും. അതുകൊണ്ട് ഒരു കുഞ്ഞു ജനി ച്ചാൽ എത്രയും വേഗം അവനെ നന്മതിന്മകളുടെ ധാർമിക നിലവാരത്തിലേക്കു എത്തിക്കുക എന്നത് മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ ആണ്.

നിയമങ്ങൾ ആണ് ഒരു മനുഷ്യനെ നിയന്ത്രി ക്കുന്നത്. പലപ്പോഴും നിയമങ്ങൾക്കു എതിരെ ഉള്ള ശബ്ദങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. മനു ഷ്യർ സ്വാഭാവികമായി നല്ലവർ ആണെന്നും അ വനെ നിയമങ്ങൾ ബന്ധിച്ചില്ലെങ്കിൽ കൂടുതൽ ഫ ലപ്രദമായി ജീവിക്കുവാൻ അവനു കഴിയുമായി രുന്നു എന്നും, വിശ്വസിക്കുന്ന അനേകർ ഉണ്ട്. വിശ്വാസികളുടെ ഇടയിലും നിയമങ്ങൾക്കും പ്ര മാണങ്ങൾക്കും എതിരായ പ്രവണതകൾ എന്നു മുണ്ട്. എന്നാൽ പൗലോസ് പറയുന്നു. നിയമങ്ങ ളുമായി നമുക്കുള്ള ബന്ധം ഭാര്യാഭർതൃ ബന്ധം പോലെ ആണ്. അത് ഒരിക്കലും വേർപിരിയാൻ ആവാത്ത ബന്ധം ആണ്. ഒരു മനുഷ്യൻ മരിക്കു ന്നതുവരെ ആ നിയമം അവന്റെ മേൽ കർതൃത്വം നടത്തിയേ പറ്റുകയുള്ളു. ഭാര്യാഭർതൃ ന്യായപ്ര മാണത്തിൽ നിന്ന് ഭാര്യ സ്വതന്ത്ര ആവുന്നത് ഭർ ത്താവു മരിക്കുമ്പോൾ മാത്രമാണ്. അല്ലാതെ ഉപേക്ഷിച്ചു പോവാൻ സാധ്യമല്ല.

അങ്ങനെയെങ്കിൽ ഈ ന്യായപ്രമാണം എന്ന ഭർത്താവ് എപ്പോഴെങ്കിലും മരിച്ചു ഇല്ലാതെ ആവുമോ? കർത്താവും പൗലോസും പറയുന്നു, ഒരു നാളും ഇല്ല . ആകാശവും ഭൂമിയും ഒഴിഞ്ഞു പോയാലും ന്യായപ്രമാണത്തിനു പോകാൻ കഴിയുകയില്ല. കാരണം നീതി ഇല്ലാത്ത ഒരു വ്യവസ്ഥ നരകതുല്യമാണ്. അത് ദൈവത്തിനു

ഒരിക്കലും അനുവദിക്കാൻ കഴിയുകയില്ല. മനുഷ്യൻ മരിക്കുന്നതു വരെ ന്യായപ്രമാണവുമായുള്ള അവന്റെ ബന്ധം തുടർന്നേ പറ്റൂ. എന്നാൽ ന്യായപ്രമാണത്തിനു കഴിയാത്ത ഒരു കാര്യമുണ്ട്. ന്യായപ്രമാണത്തിനു ഒരിക്കലും ആരെയും നീതിമാൻ ആക്കി മാറ്റാൻ കഴിയുകയില്ല. പൗലോസ് അങ്ങനെ പറയുന്നത് മനസ്സിലാക്കാൻ നമുക്ക് ഒരു പക്ഷെ പ്രയാസം ആയേക്കാം. മനുഷ്യനെ സംബന്ധിച്ച് നീതി നടപ്പാക്കുന്നതും ഒരാളെ നീതിമാൻ ആക്കുന്നതും അയാൾ അനുസരിക്കുന്ന പ്രമാണങ്ങൾ ആണ്. എന്നാൽ പൗലോസ് അതിനോട് വിയോജിക്കുന്നു. ന്യായപ്രമാണത്തിനു ഒരു മനുഷ്യനെ നല്ല പെരുമാറ്റം പഠിപ്പിക്കാൻ സാധിക്കും. എന്നാൽ ദൈവസന്നിധിയിൽ നീതീകരിക്കാൻ കഴിയുകയില്ല.

***മൂന്നും നാലും വാക്യങ്ങൾ***

ന്യായപ്രമാണം വളരെ കർക്കശ ബുദ്ധിക്കാരനായ ഒരു ഭർത്താവിനെ പോലെ ആണ്. വളരെ വലിയ നിബന്ധനകൾ ആണ് അദ്ദേഹം തന്റെ ഭാര്യയുടെ മുൻപിൽ വയ്ക്കുന്നത്. എത്ര അനുസരിച്ചാലും തീരാത്ത നിയമങ്ങൾ! രാവിലെ മുതൽ ഒരിക്കലും പ്രസാദിക്കാത്ത ഭർത്താവിനെ പ്രസാദിപ്പിക്കാൻ കഷ്ടപ്പെടുന്ന ഭാര്യയെ സങ്കൽപ്പിച്ചു നോക്കൂ. ഭർത്താവു ഒരു സ്നേഹവാക്കു പോലും പറയുന്നില്ല. എന്ന് മാത്രമല്ല തുടർച്ചയായി വിധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദുഷ്ടൻ എന്ന് അവൾ വിചാരിക്കുന്ന ആ ഭർത്താവു ഇല്ലാതിരുന്നെങ്കിൽ എന്ന് ആലോചിച്ചു പോകുന്ന ഒരു ദുരവസ്ഥയിൽ ആണ് ഭാര്യ. ന്യായപ്രമാണം അനുസരിക്കാൻ വളരെ പാടാണ്. എന്നാൽ അതില്ലാതെ മനുഷ്യനെ നിയന്ത്രിക്കാൻ കഴിയില്ല. അതിന്റെ കാരണം അവന്റെ പാപ സ്വഭാവം ആണ്. അതുകൊണ്ട് ന്യായപ്രമാണം എന്ന ഈ ഭർത്താവിനെ ദൈവം ഒരിക്കലും നീക്കിക്കളയുന്നില്ല.

***അഞ്ചും ഏഴും വാക്യങ്ങൾ***

ന്യായപ്രമാണം അനുസരിക്കുന്നത് കൊണ്ട് ഒരു മനുഷ്യന് നീതിമാൻ ആവാൻ കഴിയുമോ? ദൈവത്തിനു ഫലം കൊടുക്കുവാൻ ന്യായപ്രമാണം അനുസരിച്ചാൽ കഴിയുമോ? അങ്ങനെ കഴിയുമായിരുന്നു എങ്കിൽ ഇത്തിരി കഷ്ടപ്പെട്ടാലും നിയമങ്ങൾ അനുസരിച്ചു നമുക്ക് നീതീകരിക്കപ്പെടാമായിരുന്നു. എന്നാൽ പൗലോസ് പറയുന്നു, പ്രമാണം അനുസരിക്കുന്നത് കൊണ്ട് ആർക്കും നീതീകരിക്കപ്പെടാൻ കഴിയുകയില്ല. കാരണം നാം ഇച്ഛിക്കുന്നതല്ല നാം പ്രവർത്തിക്കുന്നത്. ന്യായപ്രമാണം നല്ലതു തന്നെ, ആയതിനാൽ അത് അനുസരിക്കാൻ എനിക്ക് ആഗ്രഹവും ഉണ്ട്. ദൈവത്തെ പ്രസാദിപ്പിക്കണം എന്നും, നന്നാവണം എന്നും, വിശുദ്ധ ജീവിതം നയിക്കണം എന്നും ആർക്കാണ് ആഗ്രഹമില്ലാത്തത്? പക്ഷെ അതൊന്നും നടക്കാറില്ല. ഇച്ഛിക്കുന്നതു പോലെയോ ശ്രമിക്കുന്നതു പോലെയോ ഒന്നും ആയിത്തീരുവാൻ, അതായതു കൽപ്പനകൾ അനുസരിച്ചു പെർഫെക്റ്റ് ആകുവാൻ ഒന്നും നമുക്ക് കഴിയുന്നില്ല. ന്യായപ്രമാണം നമ്മെ നീതികരിക്കുന്നില്ലെങ്കിൽ പിന്നെ അതുകൊണ്ട് എന്താണ് പ്രയോജനം?

ന്യായപ്രമാണം ഇല്ലെങ്കിൽ നമ്മൾ പാപികൾ അല്ല. ഒന്നുകിൽ ദൈവം പ്രവാചകന്മാരിലൂടെ തന്ന പ്രമാണം, അല്ലെങ്കിൽ മന:സാക്ഷിയിൽ വെളിപ്പെടുത്തപ്പെട്ട സന്മാർഗ പ്രമാണം! ഇത് രണ്ടുമില്ലെങ്കിൽ നാം പാപികൾ അല്ല. ഒരു കുഞ്ഞിനെ നോക്കൂ, അവന്റെ ആദ്യ രണ്ടു വർഷങ്ങളിൽ നിയമങ്ങൾ അവനെ ബാധിക്കുന്നില്ല. അതുകൊണ്ട് അവനെ നമ്മൾ കുറ്റപ്പെടുത്തുന്നില്ല. പാപി എന്നല്ല അപ്പോൾ അവനെ വിളിക്കുന്നത്. അവനു അറിവില്ല എന്നാണ് നാം പറയുന്നത്. നാം എല്ലാം അങ്ങനെ കുറച്ചു നാൾ പാപികൾ എന്ന പേരില്ലാതെ ഫ്രീ ആയി ജീവിച്ചവർ ആണ്. എന്നാൽ എപ്പോൾ മന:സാക്ഷി നമ്മോടു സംസാരിക്കാൻ തുടങ്ങിയോ, പലരുടെ മന:സാക്ഷികൾ നമ്മെ പഠിപ്പിക്കാൻ തുടങ്ങിയോ, അല്ലെങ്കിൽ ദൈവത്തിന്റെ ന്യായപ്രമാണങ്ങൾ നമുക്ക് എപ്പോൾ ലഭിച്ചുവോ, അന്ന് മുതൽ നാം പാപികൾ ആണ്. ന്യായപ്രമാണം വളരെ ആഴമായ ഒരു പാപബോധം നമുക്ക് നൽകുന്നു. കാരണം അത് ദൈവത്തിന്റെ പ്രമാണം ആണ്. ദൈവം എന്താണ് മനുഷ്യനിൽ നിന്ന് ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കുമ്പോൾ ആണ് നാം എത്ര വലിയ പാപത്തിൽ ആണ് എന്ന് തിരിച്ചറിയുന്നത്. അതുകൊണ്ട് പൗലോസ് പറയുന്നു; സന്തോഷമായി ജീവിച്ചു കൊണ്ടിരുന്ന താൻ ന്യായപ്രമാണം വന്നപ്പോൾ മരിച്ചു. അങ്ങനെ മരണത്തിന്റെ നിഴൽ നമ്മുടെ ഓരോ തീരുമാനത്തെയും നിയന്ത്രിക്കാൻ തുടങ്ങി. ന്യായപ്രമാണം നമ്മുടെ ബലഹീനതകൾ വെളിയിൽ കൊണ്ടുവന്നു.

ശേഷം പേജ് 25



അനി ചാക്കോ

# മതഭക്തരും ആത്മികരും

*എന്നാൽ ഭാവി കാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്ത മന:സാക്ഷിയിൽ ചൂട് വച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിക്കുവാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജിക്കണം എന്ന് കല്പിക്കുകയും ചെയ്യുന്നു (1 തിമൊഥെയൊസ് 4:1,2,3,)*

**ക**ണ്ടാൽ അസ്സലാണെന്നു തോന്നിപ്പിക്കുന്നു എന്നതാണ് വ്യാജ ഉത്പന്നങ്ങളുടെ ഒരു പ്രത്യേകത. തിരിച്ചറിയുവാൻ വളരെ ബുദ്ധിമുട്ടാണെങ്കിലും അസ്സൽ സാധനം കണ്ടിട്ടുള്ളവർക്കു വ്യാജ ഉത്പന്നങ്ങളെ തിരിച്ചറിയുവാൻ കഴിഞ്ഞേക്കാം. ഇതുപോലെ തന്നെയാണ് മതഭക്തിയും ആത്മികതയും. പലരും മതഭക്തിയെ ആത്മികത എന്ന് തെറ്റിദ്ധരിക്കാറുണ്ട്. അതിനു കാരണം ആത്മികതയുടെ ലേബലിലാണ് പിശാച് മതഭക്തി വിപണനം ചെയ്യുന്നത് എന്നതാണ്.

സിനിമ നാടക നടന്മാർ വേഷം കെട്ടുന്നത് അവരുടെ തൊഴിലിന്റെ ഭാഗമായിട്ടാണ്. ചിലപ്പോൾ ഡോക്ടറായും, പോലീസ് ഓഫീസർ ആയും, വക്കീലായും മറ്റും വേഷം കെട്ടാറുണ്ട്. ഡോക്ടറുടെ വേഷം ധരിച്ചതു കൊണ്ട് ഒരിക്കലും അയാൾക്ക് ആരെയും ചികിൽസിക്കുവാൻ സാധ്യമല്ലല്ലോ. തൊഴിലിന്റെ ഭാഗമായി അദ്ദേഹം അഭിനയിക്കുന്നു എന്ന് മാത്രം. സിനിമയ്ക്ക് പുറത്തു ഏതെങ്കിലും രോഗിയെ ചികിൽസിക്കുവാൻ ശ്രമിച്ചാൽ നിയമത്തിനു മുൻപിൽ അയാൾ കുറ്റക്കാരനാണെന്നേ വരൂ.

ആത്മികതയുടെ ലക്ഷണമായി ആളുകൾ ധരിച്ചു വച്ചിരിക്കുന്നത്, ക്രമമായി ബൈബിൾ വായിക്കുക, പ്രാർത്ഥനകളിൽ സംബന്ധിക്കുക, ദൈവാലയങ്ങളിൽ പോവുക, സുവിശേഷീകരണത്തിൽ പങ്കാളികളാവുക, ചിലകാര്യങ്ങളിൽ വർജ്ജനം ആചരിക്കുക എന്നിങ്ങനെയാണ്. മേല്പ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ തന്നെ ഹൃദയത്തിൽ ജഡമോഹം കൺമോഹം, ജീവനത്തിന്റെ പ്രതാപം, പക, വിദ്വേഷം, ദ്രവ്യാഗ്രഹം, സ്ഥാനമാനമോഹങ്ങൾ എന്നിത്യാദി വിഷയങ്ങളുടെ മേൽ ജയം പ്രാപിക്കാത്തവരെ കേവലം ഒരു കപട മതഭക്തനായി മാത്രമേ ദൈവം കണക്കാക്കുകയുള്ളു. മറ്റുള്ളവർ കാണുന്ന കാര്യങ്ങളിലും ശ്രദ്ധപിടിച്ചുപറ്റുന്ന കാര്യങ്ങളിലും മാത്രം വ്യാപൃതരാകുന്നവരായിരിക്കും മതഭക്തർ. മതഭക്തി തികച്ചും മനുഷ്യ നിർമ്മിതവും ആത്മികത ദൈവത്തിൽ നിന്ന് മാത്രം ഉള്ളതുമാണ് ഇതാണ് ഇവ തമ്മിലുള്ള വ്യത്യാസം.

**നിരപ്പ് പ്രാപിക്കുന്നതോ, ആരാധനയോ പ്രധാനം?**

നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ നിന്റെ സഹോദരന് നിന്നോട് പിണക്കമുണ്ട് എന്ന് അവിടെ വച്ച് ഓർമ്മിക്കുകയാണെങ്കിൽ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുന്നിൽ വച്ചിട്ട് പോയി, ആദ്യം നിന്റെ സഹോദരനോട് രമ്യപ്പെടുക, പിന്നെ വന്നു നിന്റെ വഴിപാട് അർപ്പിക്കുക(മത്തായി 5:23,24) എന്നാണ് യേശു കർത്താവ് അരുളിച്ചെയ്തിരിക്കുന്നതു. സഹോദരനുമായി നിരപ്പുപ്രാപിച്ചു ദൈവാരാധനയിലും കൂട്ടായ്മയിലും തുടരണമെന്ന ആഗ്രഹവും കാഴ്ചപ്പാടും ഇല്ലാതെ, ഹൃദയത്തിൽ വെറുപ്പും പ

കയും ഈർഷ്യയും വച്ചുകൊണ്ടാണ് പെരുമാറുന്നതെങ്കിൽ കപട മതഭക്തനെന്ന അവസ്ഥയിലാണെന്നല്ലേ കർത്താവു അർത്ഥമാക്കുന്നത്. ആത്മികത ഹൃദയത്തിന്റെ ഉള്ളിൽ നിന്നാണ് വരേണ്ടത്. ആത്മികനായ ഒരു വ്യക്തിക്ക് ഒരിക്കലും സൂര്യനസ്തമിക്കുവോളവും കോപമോ, ഈർഷ്യയോ വച്ചുകൊണ്ടിരിക്കുവാൻ കഴിയുന്നതേയല്ല. എന്നാൽ കപടമതഭക്തനായ ഒരാൾക്ക് എത്ര കാലം വേണമെങ്കിലും മറ്റുള്ളവരോട് നീരസത്തിൽ തുടരുവാനും അപ്പോൾ തന്നെ മതപരമായ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി കാണപ്പെടുവാനും കഴിയും.

**ജീവിത വിശുദ്ധിയോ സുവിശേഷ പ്രവർത്തനങ്ങളോ വലുത്?**

തേനീച്ചക്കൂടു പോലെ തിരക്കുള്ളതാണ് ഇന്നത്തെ ആത്മിക ലോകം. വ്യത്യസ്ത നിലകളിൽ സുവിശേഷീകരണ പ്രവർത്തനങ്ങൾ നടക്കുന്നു. അതിൽ അനേകർ വ്യാപൃതരുമാണ്. കർത്താവിന്റെ വേല വളരെ പ്രധാനപ്പെട്ടത് തന്നെയാണ്. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ എന്നതുപോലെ ജീവിത വിശുദ്ധിയും പ്രധാനപ്പെട്ടത് തന്നെയാണ്. വിശുദ്ധി കാത്തു സൂക്ഷിക്കാതെ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും ദൈവദൃഷ്ടിയിൽ മതപരമായ ചടങ്ങുകൾ മാത്രമായിരിക്കും. ആത്മിക ശക്തി വെളിപ്പെടുത്തുവാൻ കഴിയാത്ത കേവലം പ്രോഗ്രാമുകൾ മാത്രം. ഉദാഹരണമായി ദ്രവ്യാഗ്രഹം, അധികാരം, സ്ഥാനമാനങ്ങൾ ഇവയോടുള്ള മോഹങ്ങളിൽ നിന്നും സ്വാതന്ത്രമാകാതെ ആണ് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്യുവാൻ നിർബന്ധിതരാകുന്നതെങ്കിൽ ഇന്നും നാം ആത്മീകരല്ല, കപട മതഭക്തർ മാത്രം. അന്യരിൽ നിന്നുള്ള ബഹുമാനം, ആദരവ്, പ്രശംസ ഇതൊന്നും ആഗ്രഹിക്കാത്തവരും, അത് ഏതെങ്കിലും നിലയിൽ ലഭിച്ചാൽ തന്നെയും ഒരിക്കലും അതിൽ മനസുവയ്ക്കാത്തവരുമാണ് ആത്മികരായ മനുഷ്യർ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രായർ 12:14) എന്നും, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും എന്നും തിരുവെഴുത്തു പറയുന്നു. ഇതിൽ നിന്നൊക്കെയും വിശുദ്ധിയുടെ പ്രാധാന്യം എത്രത്തോളം വലുതാണെന്ന് നാം ഗ്രഹിക്കേണ്ടതുണ്ട്.

**രണ്ടു തരം തൂക്കവും, രണ്ടു തരം അളവും**

കള്ളത്തുലാസ്സു യഹോവെക്കു വെറുപ്പ്, ഒത്ത പടിയോ അവനു പ്രസാദം (സദൃശ്യം 11:1). ദൈവത്തെ ഭയപ്പെടുന്ന ആത്മികർ ജീവിതത്തിൽ സത്യസന്ധത ഉള്ളവരായിരിക്കും. എല്ലാ കാപട്യങ്ങളെയും ദൈവം വെറുക്കുന്നു. 'മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നെ അവർക്കും ചെയ്‌വിൻ' (ലൂക്കോസ് 6:31). കൊടുക്കുന്നതും, വാങ്ങുന്നതും ഒരേ വിധത്തിലും അളവിലുമായിരിക്കണം. നാം ആർക്കെങ്കിലും ഒരു ഉപകാരം ചെയ്താൽ അത് ലഭിച്ച വ്യക്തി നമ്മോടു എന്നും നന്ദിയും സ്നേഹവും ഉള്ളവനായിരിക്കണം എന്ന് മിക്കവരും പ്രതീക്ഷിക്കുന്നു. എന്നാൽ നമുക്ക് നന്മ ചെയ്തവരോട് നന്ദിയോ സ്നേഹമോ ഓർമ്മ പോലുമോ ഇല്ലാത്തവിധം പ്രതികരിക്കുകയും ചെയ്യുമ്പോൾ അത് രണ്ടു തരം തൂക്കവും അളവും അല്ലേ? ഒരു യഥാർത്ഥ ആത്മികന്റെ ജീവിതത്തിൽ അവനു ലഭിച്ചപ്പോഴും, അവൻ കൊടുത്തപ്പോഴും, ഈ രണ്ടു സന്ദർഭങ്ങളിലും ഒരേ മനോഭാവമായിരിക്കും പുലർത്തുക. എന്നാൽ ഒരു കപട ഭക്തനാകട്ടെ, ആർക്കെങ്കിലും എന്തെങ്കിലും ചെയ്യണമെങ്കിൽ സമൂഹത്തിന്റെ മുൻപിൽ അവരുടെ പ്രശംസക്കും തന്റെ പ്രസിദ്ധിക്കും മാത്രം ആയിരിക്കും മുൻതൂക്കം കൊടുക്കുക.

മതഭക്തിയെയും ആത്മികതയെയും തമ്മിൽ വിവേചിക്കുവാൻ കഴിയാതെപോയാൽ അനന്തരഫലം ഭയാനകമായിരിക്കും. എങ്ങനെ വിവേചിക്കണമെന്നു കർത്താവു പറയുന്നത് തിരിച്ചറിയുക. മത്തായി 7:16 ൽ. 'ഫലങ്ങൾ കൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം. മുൾച്ചെടിയിൽ നിന്ന് മുന്തിരിപ്പഴമോ, ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ?' അതെ, നല്ല വൃക്ഷങ്ങളിൽ നല്ല ഫലമുണ്ടാകും, ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവും. നല്ല വൃക്ഷം ചീത്ത ഫലവും, ചീത്ത വൃക്ഷം നല്ല ഫലവും കായ്ക്കുകയില്ല. ■

**കപടഭക്തന് എത്രകാലം വേണമെങ്കിലും മറ്റുള്ളവരോട് നീരസത്തിൽ തുടരുവാനും അപ്പോൾ തന്നെ മതപരമായ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി കാണപ്പെടുവാനും കഴിയും.**





ജെസ്സി സാജു

# അമ്മമാരുടെ ദൗത്യം

നാം ഓരോരുത്തരുടെയും ജീവിതത്തിൽ നമ്മുടെ ഭാവി കരുപ്പിടിപ്പിക്കുന്നതിൽ വലിയൊരു പങ്കു വഹിച്ചിട്ടുള്ള സുപ്രധാന വ്യക്തികളാണ് ഓരോ അമ്മമാരും. അമ്മമാരുടെ പ്രാധാന്യത്തിനു ഊന്നൽ കൊടുത്തുകൊണ്ട് അത് ഓരോരുത്തരെയും ബോധ്യപ്പെടുത്തുവാനും ഓർമ്മിപ്പിക്കുവാനും വർഷത്തിൽ ഒരു ദിവസം വേർതിരിച്ചു mother's day എന്ന പേരിൽ ലോകമെമ്പാടും ഓർക്കുകയും ആചരിക്കുകയും ചെയ്യുന്നു. എല്ലാവരും ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതും ഒരുപക്ഷെ അവരവരുടെ അമ്മമാരെയായിരിക്കും. കുഞ്ഞു പ്രായത്തിൽ അമ്മ പകർന്നു തരുന്ന ജീവിതപാഠങ്ങൾ പ്രായമായതിനു ശേഷവും കരുത്തേകുന്നതും സ്വാധീനിക്കുന്നതും ആണ്. സ്വന്തം വയറു വിശക്കുമ്പോഴും അത് സഹിച്ചുകൊണ്ട് തങ്ങളുടെ കുഞ്ഞുങ്ങളെ പരിപോഷിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധമാണ് അമ്മ മനസ്സ്.

**യേശു ദൈവപുത്രനെന്ന ബോധ്യം**

വേദപുസ്തകത്തിലും നമുക്ക് അനേക അമ്മമാരെ കാണാം. എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുവാൻ പര്യാപ്തമായ ഒരു ശ്രേഷ്ഠ വ്യക്തിത്വമാണ് യേശുവിന്റെ അമ്മ മറിയ. ഈ അമ്മയെക്കുറിച്ചു ധാരാളം കാര്യങ്ങൾ ഓർക്കുവാനും പഠിക്കുവാനും മാതൃകയാക്കുവാനും ഉണ്ട്. പരിശുദ്ധാത്മാവ് മറിയയിൽ ആവസിച്ചിട്ടു ഗർഭവതിയായ നിമിഷം മുതൽ അവൾ അനുഭവിച്ച മനോവ്യഥ വർണ്ണനാതീതമാണ്. യേശു ദൈവപുത്രനാണ് എന്ന ബോധ്യം മറിയയിൽ രൂഢമൂലമായിരുന്നു. തന്നിമിത്തമാണ് താൻ നേരിട്ട എല്ലാ പ്രതിസന്ധികളെയും അതിജീവിക്കുവാൻ പ്രാപ്തയായി തീർന്നത്; മാത്രമല്ല അസാധാരണമായ ഏതു സാഹചര്യങ്ങളെയും ധീരതയോടെ നേരിടുവാനുള്ള കൃപയാണ് തനിക്കു ലഭിച്ചത്. കൃപ ലഭിച്ചവളെ എന്ന് ദൂതൻ സംബോധന ചെയ്യുമ്പോൾ, ഇതിലൊക്കെയും ജയം നേടേണ്ടതിനുള്ള കൃപ അവൾക്കു ലഭിച്ചു എന്ന് നമുക്ക് ചിന്തിക്കാവുന്നതാണ്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന അവളുടെ കുടുംബജീവിതം തന്നെ ശിഥിലമായി പോകാമായിരുന്ന ഒരു സാഹചര്യമാണ് ആദ്യമായി നാം കാണുന്നത്. നീതിമാനായിരുന്ന യോസഫ്, മറിയയ്ക്കു ലോകാപവാദം വരാതെ ഇരിക്കേണ്ടതിനു അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ ഭാവിച്ചു. ദൈവത്തിന്റെ സമയോചിതമായ ഇടപെടലിലൂടെ ഒരു വലിയ പ്രതിസന്ധി ഒഴിവാകുകയായിരുന്നു. ദൈവം നേരിട്ട് ഇടപെട്ടതിനാൽ യോസഫ് കാര്യങ്ങൾ ശരിയായി ഗ്രഹിക്കുകയും

**കൃപ ലഭിച്ചവളെ എന്ന് ദൂതൻ സംബോധന ചെയ്യുമ്പോൾ, ഇതിലൊക്കെയും ജയം നേടേണ്ടതിനുള്ള കൃപ അവൾക്കു ലഭിച്ചു എന്ന് നമുക്ക് ചിന്തിക്കാവുന്നതാണ്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന അവളുടെ കുടുംബജീവിതം തന്നെ ശിഥിലമായി പോകാമായിരുന്ന ഒരുസാഹചര്യമാണ് നാം കാണുന്നത്.**

മറിയയെ തന്നോടൊപ്പം ചേർത്തുകൊള്ളുകയും ചെയ്തു. പൂർണഗർഭിണിയായിരുന്നപ്പോൾ സെൻസസ് കണക്കിൽ പേര് ചേർക്കേണ്ടതിനു ദീർഘദൂരം സഞ്ചരിച്ചു, ശാരീരികമായും വളരെ കഷ്ടതകൾ സഹിക്കേണ്ടിവന്നു. കാര്യം മനസിലാക്കാത്തവരുടെ പരിഹാസവും മനസിനെ വേദനിപ്പിക്കുന്നതായിരുന്നു. അവസാനമായി യേശു ക്രൂശിക്കപ്പെടുമ്പോൾ പ്രഭാതം മുതൽ പ്രദോഷം വരെ ക്രൂശിന്റെ ചുവട്ടിൽ യേശുവിന്റെ അമ്മയും ഹൃദയത്തകർച്ചയോടെ നിൽക്കുന്ന കാഴ്ച ആരുടെയും കരളലിയിക്കുന്നതാണ്. ആ സമയത്ത്, അവർ അനുഭവിച്ച മനോവ്യഥയുടെ തീവ്രത എത്രയോ വലുതായിരുന്നു.

കാനാവിലെ കല്യാണ വീട്ടിൽ ചെന്ന് വീടിന്റെ ഉള്ളറയിലേക്കും വിരുന്നുശാലയുടെ കലവറയിലേക്കും കടന്നു ചെല്ലുന്ന, അവിടത്തെ കുറവുകൾ കണ്ടപ്പോൾ പരിഹരിക്കുവാൻ വെമ്പൽ കൊള്ളുന്ന അമ്മയുടെ കരുതലിന്റെ മുഖമാണ് നമുക്ക് കാണുവാൻ കഴിയുന്നത്. കല്യാണവിരുന്നിനു എന്തെങ്കിലും കുറവുകളോ അപാകതകളോ സംഭവിച്ചാൽ ഓർമയുള്ള കാലത്തോളം ഇന്നാരുടെ വീട്ടിലെ ഇന്നാരുടെ കല്യാണസദ്യയ്ക്കു ഇന്ന ഇന്ന കുറവുകൾ ഉണ്ടായിരുന്നു എന്നു നാടു നീളെ പാട്ടായിരിക്കും. എന്നാൽ ആ വീട്ടുകാർക്ക് ഇത്തരത്തിലുള്ള ഒരു അപമാനം സംഭവിക്കരുത് എന്ന് കരുതിയവളായിരുന്നുയേശുവിന്റെ അമ്മ.

**സ്വന്ത കുടുംബത്തോടുള്ള അമ്മമാരുടെ ഉത്തരവാദിത്വബോധം**

വളരെയേറെ ത്യാഗവും ബുദ്ധിമുട്ടും സഹിച്ചാണ് അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തിയതും, വളർത്തുന്നതും. പലപ്പോഴും രാത്രി ഉറക്കം ഇളച്ചു തങ്ങളുടെ കുഞ്ഞുങ്ങളെ പരിചരിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും അമ്മമാർ കാട്ടിയിട്ടുള്ള വ്യഗ്രത മക്കൾ മറന്നു പോകരുത്. ഇക്കാലങ്ങളിൽ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചുപോകുന്ന അമ്മമാരും ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. ധാർമിക മൂല്യങ്ങളുടെ ജീർണതയാണ് ഇത്തരം സാഹചര്യങ്ങൾക്ക് കാരണം. ദൈവീകമായി നമുക്ക് ലഭിച്ചിരിക്കുന്ന ധാർമിക ഗുണവിശേഷങ്ങൾ സ്വന്തജീവിതത്തിൽ പകർത്തുകയും മാതൃകയോടെ ജീവിച്ചു തലമുറകൾക്കു പകർന്നു നൽകുകയും ചെയ്താൽ ഇത്തരം മൂല്യച്യുതികൾ ഇല്ലാതാവുകയും ബന്ധങ്ങളുടെ ഊഷ്മളത സൂക്ഷിക്കുന്ന തലമുറകൾ

**ദൈവത്തിൽ ആശ്രയിക്കുകയല്ലാതെ ഈ വിധ അധഃപ്പതനങ്ങൾ മാറുവാൻ വേറെ വഴികൾ ഇല്ല. ആകയാൽ ഇന്നത്തെ അമ്മമാർ ബൈബിളിൽ കാണുന്ന ഭക്തരായ അമ്മമാരെ മാതൃകയാക്കി ജീവിക്കുവാനും തലമുറകളിലേക്ക് ആ മാതൃക പകർന്നു നൽകുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

കാണപ്പെടുകയും ചെയ്യും. ദൈവത്തിൽ ആശ്രയിക്കുകയല്ലാതെ ഈ വിധ അധഃപ്പതനങ്ങൾ മാറുവാൻ വേറെ വഴികൾ ഇല്ല. ആകയാൽ ഇന്നത്തെ അമ്മമാർബൈബിളിൽ കാണുന്ന ഭക്തരായ അമ്മമാരെ മാതൃകയാക്കി ജീവിക്കുവാനും തലമുറകളിലേക്ക് ആ മാതൃക പകർന്നു നൽകുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സമൂഹത്തോടുള്ള അമ്മമാരുടെ ഉത്തരവാദിത്വബോധം**

നമ്മുടെ നാട്ടിൻപുറങ്ങളിൽ സാധാരണയായി ആരെയെങ്കിലും സകുടുംബം സന്ദർശിക്കുമ്പോൾ പുരുഷന്മാർ സ്വീകരണമുറിയിൽ ആയിരിക്കും ഇരിക്കുക. എന്നാൽ അവരോടൊപ്പം ചെല്ലുന്ന സ്ത്രീകൾ, അവർ അമ്മ ആയിരുന്നാലും ഭാര്യ ആയിരുന്നാലും വീട്ടുവിശേഷങ്ങൾ തിരക്കാൻ വീട്ടുകാരിയോടൊപ്പം അടുക്കളയിലേക്കു പ്രവേശിക്കും. സൗഹൃദം നിലനിർത്തുന്നതിന് അത് ഒരു നല്ലകാര്യം തന്നെയാണ്. അടുക്കളയിൽ പ്രവേശിക്കുന്ന ഏതൊരു സ്ത്രീക്കും അടുക്കളയിലെ പരിതഃസ്ഥിതികൾ മനസിലാക്കുവാനാകും. ഇതുപോലെ ആയിരിക്കണം കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നു പോയ വിവരം മറിയ മനസ്സിലാക്കിയതും യേശുകർത്താവിനോടു പറഞ്ഞതും. കാരണം യേശു ദൈവപുത്രനാണെന്നും തന്നിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും നിറവേറുമെന്നും മറിയ തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നു. എങ്കിലും ഈ വിവരം അറിയിച്ചപ്പോൾ, എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നായിരുന്നു യേശുവിന്റെ മറുപടി. എന്നിരുന്നാലും, അവിടെ ഉണ്ടായിരുന്ന ഭൃത്യരോടു, യേശു എന്തെങ്കിലും കല്പിച്ചാൽ

നിങ്ങൾ അങ്ങനെ തന്നെ ചെയ്യുവിൻ എന്ന് മറിയ പറഞ്ഞു. അങ്ങനെ ആ വിവാഹവീട്ടിൽ വന്നുഭവിക്കാമായിരുന്ന അപമാനവും പോരായ്മയും യേശു പരിഹരിച്ചു. അങ്ങനെ യേശുവിന്റെ അടയാളങ്ങളുടെ ആരംഭമായ അത്ഭുതം നടന്നു. ഭൃത്യന്മാരോട് അവിടെയുണ്ടായിരുന്ന കൽപ്പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവാൻ യേശു ആവശ്യപ്പെട്ടു. ഇപ്പോൾ കൊണ്ടുപോയി വിരുന്നുവഴിക്കു കൊടുക്കുവിൻ എന്നു പറഞ്ഞതനുസരിച്ചു അവർ അങ്ങനെ ചെയ്തു. അത് മേൽത്തരമായ വീഞ്ഞായി പന്തിയിൽ പകർന്നു നൽകുകയും ചെയ്തു.

വേദനിക്കുന്നവരുടെയും വിശക്കുന്നവരുടെയും നൊമ്പരം കാണുവാൻ സഹോദരിമാരായ നമ്മുടെ കണ്ണുകൾ തുറക്കണം. അയൽവീടുകളിലെ അടുപ്പുകളിൽ തീപുകയുന്നുണ്ടോ? ആധുനിക കാലത്തെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ തീ കത്തിക്കുന്ന അടുപ്പുകൾ ഇല്ലായിരിക്കാം. എങ്കിലും അവരുടെ കലത്തിൽ അരി വേകുന്നുണ്ടോ? അവരുടെ കുഞ്ഞുങ്ങൾ വിശന്നാണോ കഴിയുന്നത്? അവർക്കു ആവശ്യത്തിനുള്ള വസ്ത്രങ്ങൾ ഉണ്ടോ? എന്നിങ്ങനെയുള്ള കുടുംബ സ്വകാര്യങ്ങൾ അവരെ സഹായിക്കുവാനുള്ള നല്ല മനസോടെ തിരക്കുവാനുള്ള ഉത്തരവാദിത്വം എല്ലാവർക്കും, വിശേഷാൽ എല്ലാ അമ്മമാർക്കും ഉണ്ടായിരിക്കണം. സന്ദർശനവേളയിൽ തന്നോടൊപ്പം വന്നത് ഭർത്താവായാലും, മകനായാലും അയൽവീട്ടിലെ ഇല്ലായ്മ അവരെ അറിയിച്ചു സന്മനസോടെ കൈ തുറന്നു സഹായിക്കുവാനുമുള്ള ഉത്തരവാദിത്വം ഓരോ സ്ത്രീക്കും ഉണ്ട്. നിങ്ങളുടെ സുഭിക്ഷം അവരുടെ ദുർഭിക്ഷത്തിനു ഉതകട്ടെ എന്നാണ് തിരുവെഴുത്തു

**അവരുടെ കലത്തിൽ അരി വേകുന്നുണ്ടോ?... അവർക്കു ആവശ്യത്തിനുള്ള വസ്ത്രങ്ങൾ ഉണ്ടോ?... അവരെ സഹായിക്കുവാനുള്ള നല്ല മനസോടെ തിരക്കുവാനുള്ള ഉത്തരവാദിത്വം എല്ലാവർക്കും, വിശേഷാൽ എല്ലാ അമ്മമാർക്കും ഉണ്ടായിരിക്കണം.**

നമ്മെ അനുശാസിക്കുന്നത്. ഇടംകൈ ചെയ്യുന്നത് വലംകൈ അറിയാതെ എന്ന പ്രമാണപ്രകാരം എല്ലാം രഹസ്യമായി ചെയ്യുമ്പോൾ നിത്യതയിൽ പ്രതിഫലം ലഭിക്കുകയും തന്മൂലം കർത്താവു സന്തോഷിക്കുകയും ചെയ്യും.

യേശു നമ്മുടെ രക്ഷകനും കർത്താവും വീണ്ടെടുപ്പുകാരനും ആണ് എന്ന ബോധ്യം ഓരോ അമ്മമാരിലും ഉണ്ടായിരിക്കുകയും അത് അവർ തങ്ങളുടെ കൊച്ചുമക്കൾ ഉൾപ്പെടുന്ന തലമുറകളിലേക്ക് പകർന്നു നൽകുകയും വേണം. ഏതു പ്രതിസന്ധികളെയും അതിജീവിക്കുവാൻ ദൈവത്തിൽനിന്നു കൃപ മേൽ കൃപ പ്രാപിക്കുകയും അതിനായി മക്കളെ അഭ്യസിപ്പിക്കുകയും ചെയ്യണം. പ്രശ്നങ്ങളെ കേന്ദ്രബിന്ദുവാക്കാതെ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിലൂടെ പ്രതിസന്ധികളെ അതിജീവിക്കുവാൻ ദൈവത്തിന്റെ കൃപയാൽ അനായാസം സാധിക്കും. ദൈവാശ്രയം സ്വന്തം ജീവിതത്തിൽ അനുഭവിക്കുകയും തലമുറകളിലേക്ക് പകർന്നു നൽകുകയും ചെയ്യേണ്ടത് ഓരോ അമ്മമാരുടെയും പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. ■

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്



# പരിശുദ്ധാത്മാവിന് എതിരേയുള്ള പാപം

'അതുകൊണ്ട് ഞാൻ നിങ്ങളോട് പറയുന്നത്: സകല പാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും; ആത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്കുകയില്ല. ആരെങ്കിലും മനുഷ്യപുത്രന് നേരെ ഒരു വാക്കു പറഞ്ഞാൽ അത് അവനോടു ക്ഷമിക്കും; പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കയില്ല. ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്ന് വെപ്പിൻ; അല്ലെങ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്ന് വെപ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്.' (മത്തായി 12:31 - 33)

***പരിശുദ്ധാത്മാവിനെതിരെയുള്ള പാപം എന്ന് കർത്താവ് ചൂണ്ടിക്കാണിക്കുന്ന പാപം എന്താണ്?***

എന്തുകൊണ്ടാണ് അത് ക്ഷമിക്കപ്പെടുകയില്ല എന്ന് കർത്താവ് പറഞ്ഞത്? മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്തു നിന്നും നാം പ്രധാനമായും ചിന്തിക്കുവാൻ ആഗ്രഹിക്കുന്നത് അതേക്കുറിച്ചാണ്. ദൈവം ഇസ്രായേലിനു നൽകിയ ന്യായപ്രമാണപ്രകാരം ദൈവദൂഷണം മരണശിക്ഷയ്ക്ക് അർഹമായ കുറ്റമാണ്. 'യഹോവയുടെ നാമം ദുഷിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. സഭ ഒക്കെയും അവനെ കല്ലെറിയണം. പരദേശി ആകട്ടെ സ്വദേശി ആകട്ടെ തിരുനാമത്തെ ദുഷിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം' (ലേവ്യർ 24: 16).

പരിശുദ്ധാത്മാവ് ദൈവമാണ്. അതാണ് ഗൗരവമായി എല്ലാവരും മനസ്സിലാക്കേണ്ടത്. അതിനാൽ പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുവാൻ ആരും ഒരുങ്ങരുത്, അത് ഏറ്റവും വലിയ അപകടമാണ്. ദൈവദൂഷണം പറയുന്നവർ ജീവന്റെ ഉടയവനും ദാതാവുമായ സ്രഷ്ടാവായ ദൈവത്തെ തിരസ്കരിക്കുകയും, പരിഹസിക്കുകയും ചെയ്യുന്നവർ ആകയാൽ ജീവിക്കുവാൻ അവകാശമില്ല. ഇത് ക്ഷമിക്കപ്പെടാത്ത അപരാധമാണ്.

***പരിശുദ്ധാത്മാവിനെതിരായ ദൂഷണം പറഞ്ഞ സംഭവം ആണ് നമ്മുടെ വേദഭാഗത്ത് നാം കാണുന്നത്. അത് എന്താണ്?***

ഊമനും കുരുടനും ആയിരുന്ന ഒരു ഭൂതഗ്രസ്തനിൽ നിന്ന് ഭൂതത്തെ യേശുകർത്താവ് പുറത്താക്കിയപ്പോൾ പരീശന്മാർ അതിനോട് പ്രതികരിച്ചതാണ്. പരീശന്മാർ: 'ഇവൻ ഭൂതങ്ങളുടെ തലവനായ ബെൽസബൂലിനെക്കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്ന് പറഞ്ഞു'(മത്തായി 12: 24). മർക്കോസ് അത്കുറച്ചുകൂടി വിശദമാക്കുന്നുണ്ട്. യരുശലേമിൽ നിന്നും വന്ന ശാസ്ത്രിമാരും 'അവനു ബെൽസെബുൽ ഉണ്ട്, ഭൂതങ്ങളുടെ തലവനെ കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് പറഞ്ഞു' (മർക്കോസ് 3:22). 'അവന് ഒരു അശുദ്ധാത്മാവ് ഉണ്ട് എന്ന് അവർ പറഞ്ഞിരുന്നു' (മർക്കോസ് 3: 30). അതായത് യേശുവിൽ ബെൽസെബുൽ ആവസിച്ചിരിക്കുന്നു എന്നാണ് അവർ ആരോപിച്ചത്. യേശുവിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിനെ ദുരാത്മാവ് ആയി അവർ ദുഷിച്ചു പറഞ്ഞു. പരിശുദ്ധാത്മാവിനെ ദുഷിക്കുന്ന ഇപ്രകാരമുള്ള ദൈവദൂഷണം, ക്ഷമിക്കപ്പെടാത്ത പാപമാണ്. മാനസാന്തരപ്പെടുവാൻ കഴിയാത്ത കഠിനഹൃദയമുള്ളവർക്കെ ഇപ്രകാരം ദുഷിക്കുവാൻ കഴിയുകയുള്ളൂ എന്നത്കൊണ്ടാണ് ക്ഷമിക്കപ്പെടുവാൻ

കഴിയാത്ത പാപമായി ഇത് കണക്കാക്കപ്പെട്ടിരിക്കുന്നത്.

***പരിശുദ്ധാത്മാവാണ് ഒരു വ്യക്തിക്ക് പാപബോധം നൽകി രക്ഷകനായ യേശുവിങ്കലേക്ക് നയിക്കുന്നത്.***

പരിശുദ്ധാത്മാവിനെക്കുറിച്ച് കർത്താവ് പറഞ്ഞത്: 'അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും' (യോഹന്നാൻ 16: 8) എന്നാണല്ലോ. പരിശുദ്ധാത്മാവിൽ അല്ലാതെ ആർക്കും യേശുവിനെ കർത്താവ് എന്ന് വിശ്വസിച്ച് ഏറ്റു പറയുവാൻ കഴിയുകയില്ല (1കൊരിന്ത്യർ 12: 3). പാപബോധം നൽകി അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിച്ചുകൊണ്ട് രക്ഷകനായ യേശുവിങ്കലേക്ക് വഴി നടത്തുന്ന പരിശുദ്ധാത്മാവിനോട് മറുത്തു നിൽക്കുകയും ദുഷിക്കുകയും ചെയ്യുന്നവർ തങ്ങൾക്ക് തന്നെ പാപക്ഷമയുടെയും രക്ഷയുടെയും വഴി അടച്ചുപൂട്ടുകയാണ്. അതിനാൽ അവരുടെ പാപങ്ങൾ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നിലനിൽക്കും.

മനുഷ്യപുത്രന്ന് അഥവാ യേശുവിന്നെതിരെ പറയുന്ന എല്ലാ ദൂഷണങ്ങളും ക്ഷമിക്കും. കാരണം യേശു മനുഷ്യനായി കാണപ്പെട്ടതിനാൽ, താൻ ദൈവം ആണെന്നുള്ളത് സ്വർഗ്ഗസ്ഥപിതാവ് വെളിപ്പെടുത്തിക്കൊടുക്കുന്നവർക്കു മാത്രമേ തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. അതിനാൽ യേശുവിനെ വെറും മനുഷ്യൻ എന്ന് ധരിച്ചാണ് തന്നെ ദുഷിക്കുന്നത്. ഇത് അറിയാതെ ചെയ്യുന്ന പാപങ്ങളുടെ ഗണ ത്തിൽപ്പെടുന്നു. ക്രൂശിൽ കിടന്നുകൊണ്ട് കർത്താവ് പ്രാർത്ഥിച്ചത്, 'പിതാവേ ഇവർ അറിയാതെ ചെയ്തത് ആകയാൽ ഇവരോട് ക്ഷമിക്കണമേ' എന്നായിരുന്നുവല്ലോ. തന്നോട് നിർഭയമായി ഇടപെട്ടവരും പരിഹസിച്ചവരും ദുഷിച്ചവരും ക്രൂരമായി മർദ്ദിക്കുകയും ക്രൂശിൽ തറയ്ക്കുകയും ചെയ്ത എല്ലാവരും ചെയ്തത് 'അറിയാതെ ചെയ്തു' എന്ന ഗണത്തിൽ ഉൾപ്പെടുന്നു.

യേശുവിനെ കാണിച്ചുകൊടുത്ത യൂദാ യേശു ദൈവപുത്രനാണെന്ന് ഗ്രഹിച്ചവൻ ആണ്. അതിനാൽ യൂദായുടെ പാപം അറിഞ്ഞുകൊണ്ട് ചെയ്ത പാപമായിരുന്നു. അവൻ തെരഞ്ഞെടുത്ത പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഒരുവനും ദുരാത്മാക്കളെ പുറത്താക്കാനും, രോഗികളെ സുഖപ്പെടുത്തുവാനും, ദൈവരാജ്യം പ്രസംഗിക്കുവാനും നിയോഗം ലഭിച്ചവൻ ആയിരുന്നല്ലോ. ദ്രവ്യാഗ്രഹത്തിന്റെ വഞ്ചനയിൽ അകപ്പെട്ടു ഹൃദയം കഠിനപ്പെട്ടു പോയ യൂദാ, ഒടുവിൽ തന്റെ ഗുരുവും നാഥനും ആയവനെ 30 വെള്ളിക്കാശിന് ഒറ്റിക്കൊടുത്തു. യേശു പീലാത്തോസിനോട് യൂദായെ സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു 'എന്നെ നിന്റെ പക്കൽ ഏൽപ്പിച്ചവന് അധികം പാപം ഉണ്ട്' (യോഹന്നാൻ 19: 11).

**യേശു മനുഷ്യനായി കാണപ്പെട്ടതിനാൽ, താൻ ദൈവം ആണെന്നുള്ളത് സ്വർഗ്ഗസ്ഥപിതാവ് വെളിപ്പെടുത്തിക്കൊടുക്കുന്നവർക്കു മാത്രമേ തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. അതിനാൽ യേശുവിനെ വെറും മനുഷ്യൻ എന്ന് ധരിച്ചാണ് തന്നെ ദുഷിക്കുന്നത്. ഇത് അറിയാതെചെയ്യുന്ന പാപങ്ങളുടെ ഗണത്തിൽപ്പെടുന്നു.**

യൂദായ്ക്ക് മാനസാന്തരം അസാധ്യമായിരുന്നു. അവന്റെ കുറ്റം അവന് ബോധ്യം ആയതുകൊണ്ട് അവൻ കുറ്റബോധത്തിന്റെ പിടിയിൽ അമർന്നു. സമാധാനം മുഴുവൻ നഷ്ടപ്പെട്ട യൂദാ ആത്മഹത്യ ചെയ്തു, മരണം തിരഞ്ഞെടുത്തു. അനുതാപം ഉളവാക്കുന്ന പരിശുദ്ധാത്മാവിനോടു മറുത്തു നിന്നു. ഹൃദയം കഠിനപ്പെടുത്തി മനഃപ്പൂർവ്വം പാപം ചെയ്യുന്നവർക്ക് നേരിടുന്ന ദുരന്തത്തിന് യൂദാ ഉദാഹരണമായി നിൽക്കുന്നു.

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം നാം മനപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായ ഒരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിക്കാനുള്ള ക്രോധാഗ്നിയുമേ ഉള്ളൂ. മോശയുടെ ന്യായപ്രമാണം അനുസരിക്കാത്തവന് കരുണ കൂടാതെ രണ്ടു മൂന്ന് സാക്ഷികളുടെ വാമൊഴി കേട്ട് മരണശിക്ഷ കൽപ്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളയുകയും, തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനമെന്ന് നിരൂപിക്കുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്ന് വിചാരിപ്പിൻ' (എബ്രായർ 10: 26 - 29) എന്നുള്ള തിരുവചന

ത്തിന്റെ മുന്നറിയിപ്പ് എല്ലാവരും ഗൗരവമായി കാണേണ്ടതാണ്. ഹൃദയം കഠിനപ്പെടുത്തി മന പ്പൂർവ്വം പാപം ചെയ്ത്, മാനസാന്തരപ്പെടുവാൻ കഴിയാതെ അതിൽ തുടരുന്നവരെ ഉദ്ദേശിച്ചാണ് മരണത്തിനുള്ള പാപം ചെയ്യുന്നവർ എന്ന് യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നത് (1 യോഹ ന്നാൻ 5 :16) അവരുടെ പാപം ക്ഷമിക്കുകയില്ല. അവർ മരണം സ്വയം വിളിച്ചുവരുത്തിയിരിക്കുക യാണ്.

അനുതാപത്തോടെ മാനസാന്തരപ്പെട്ടു ഏറ്റുപ റയുന്ന പാപങ്ങളെല്ലാം ക്ഷമിക്കുന്നവയാണ്. അപ്പോസ്തലനായ പൗലോസിന്റെ ജീവിതം അ തിന് നല്ല ഉദാഹരണമാണ്. യേശുവിനെ ദുഷി ച്ചവനും, ഈ മാർഗ്ഗത്തെ ഭൂമിയിൽ നിന്ന് തു ടച്ചു നീക്കുവാൻ ദൃഢനിശ്ചയത്തോടെ ഇറങ്ങി ത്തിരിച്ചവനുമായിരുന്നു പൗലോസ് എന്ന് നമുക്ക റിയാം. എന്നാൽ യേശുവാരെന്നു പൗലോസിന് വെളിപ്പെടുത്തുവാൻ ദൈവത്തിന് പ്രസാദമായി. യേശുവിനെ ദൈവപുത്രനായി തിരിച്ചറിഞ്ഞ പൗലോസ് മാനസാന്തരപ്പെട്ടു. 'പാപികളിൽ ഒന്നാ മൻ' എന്നാണ് പൗലോസ് തന്നെത്തന്നെ കാണു ന്നതും നമുക്ക് പരിചയപ്പെടുത്തുന്നതും (1 തിമൊഥെയൊസ് 1:15). പൗലോസിന് ലഭിച്ച പാപക്ഷമ മാനസാന്തരപ്പെടുന്ന ഏത് പാപിയോടും ദൈവം ക്ഷമിക്കും എന്നതിന്റെ ഉ ദാഹരണമായി പൗലോസ് തിരിച്ചറിഞ്ഞു (1 തിമൊഥെയൊസ്1: 16). അതിനാൽ ലോകത്തി ലുള്ള എല്ലാവരും പാപക്ഷമ പ്രാപിപ്പാൻ അർഹ രാണ്. എന്നാൽ ഹൃദയം കഠിനപ്പെടുത്തുന്നവർ സ്വയം വഞ്ചിച്ച് പാപക്ഷമയ്ക്കു അയോഗ്യരായി തീരുന്നു എന്ന സത്യം നാം ഗ്രഹിക്കണം. അതി നാൽ ക്ഷമിക്കപ്പെടാത്തതും പരിശുദ്ധാത്മാ വിനെതിരെയുള്ളതുമായ പാപം എന്നത് ഹൃദയം കഠിനപ്പെടുത്തി തുടർന്നു ചെയ്തുകൊണ്ടിരിക്കു ന്ന പാപമാണ്.

ദുരാത്മാവ് ഉണ്ടെന്ന് തന്നെക്കുറിച്ച് ആക്ഷേപി ച്ച പരീശന്മാരോടും ശാസ്ത്രിമാരോടും അവ രുടെ പാപം ക്ഷമിക്കപ്പെടില്ല എന്ന് കർത്താവ് തീർപ്പ് കൽപ്പിക്കുകയല്ലായിരുന്നു. പ്രത്യുത മാന സാന്തരപ്പെടാതെ അതേ പാപത്തിൽ തുടർ ന്നാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എത്ര വലിയ താണെന്ന് ഓർമ്മപ്പെടുത്തുകയായിരുന്നു. പരിശു ദ്ധാത്മാവിനെതിരെയുള്ള പാപം ക്ഷമിക്കുകയില്ല എന്ന് ഭയപ്പെടുത്തി ആളുകളുടെ വിമർശനത്തെ നേരിടുന്ന മിടുക്കന്മാർ ആത്മീയലോകത്ത് ഉണ്ട്.

**എന്നാൽ ഹൃദയം കഠിനപ്പെടു ത്തുന്നവർ സ്വയം വഞ്ചിച്ച് പാപക്ഷമയ്ക്കു അയോഗ്യരായി തീരുന്നു എന്ന സത്യം നാം ഗ്രഹിക്കണം.**

അത് അപ്രകാരം ആയിരുന്നു എങ്കിൽ കർത്താവ് എഫെസൊസിലെ സഭയുടെ ദൂതന് ഇങ്ങനെ എഴുതുമായിരുന്നുവോ? 'ഞാൻ നിന്റെ പ്രവർ ത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ള രുതാത്തവരെ നിനക്ക് സഹിച്ച് കൂടാത്തതും, അപ്പോസ്തലന്മാർ അല്ലാതിരിക്കെ തങ്ങൾ അപ്പോസ്തലന്മാർ എന്ന് പറയുന്നവരെ നീ പ രീക്ഷിച്ചു കള്ളന്മാർ എന്ന് കണ്ടതും, നിനക്ക് സഹിഷ്ണുതയുള്ളതും, എന്റെ നാമം നിമിത്തം നീ സഹിച്ചതും, തളർന്നു പോകാഞ്ഞതും ഞാ നറിയുന്നു' (വെളിപ്പാട് 2: 2, 3).

പരിശുദ്ധാത്മാവാം ദൈവത്തെ ഒരിക്കലും ദുഷിക്കരുത്; ദു:ഖിപ്പിക്കുകയും അരുത് (എഫെസ്യർ 4:30). എന്നാൽ പരിശുദ്ധാത്മാവിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന എല്ലാ തെറ്റായ ശുശ്രൂഷ കളെയും വിരോധിക്കണം. കാരണം അവർ പരി ശുദ്ധാത്മാവിന് എതിരെയാണ് അങ്ങനെയുള്ള പ്രവർത്തികൾ ചെയ്യുന്നത്. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവിന്റെ പ്രധാന പ്രവർത്തി ദൈവപുത്രനായ, മനുഷ്യരുടെ ഏകരക്ഷകനായ കർത്താവായ യേശുക്രിസ്തു വിനെ വെളിപ്പെടുത്തുന്നതാണ്. സത്യവും, നീതിയും, വിശുദ്ധിയും എല്ലാം പരിശുദ്ധാത്മാ വിന്റെ പ്രവർത്തനത്തോടൊപ്പം ഉണ്ട്. പരിശുദ്ധാ ത്മാവ് സുബോധത്തിന്റെ ആത്മാവാണ്; അറി വിന്റെ ആത്മാവാണ്. പരിജ്ഞാനം നൽകുന്ന പ രിശുദ്ധാത്മാവിനാൽ വഴി നടത്തപ്പെടുന്നവർ പ രിജ്ഞാനം ഉള്ളവരായിരിക്കണമല്ലോ. ■

**വചന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്**

**ബ്രദർ ജോയ് എം തോമസിന്റെ സന്ദേശങ്ങൾ ലഭിക്കുവാൻ**

NERVEEDHI YouTube ചാനൽ സന്ദർശിക്കുക.

യാക്കോബിന്റെ ലേഖനം ആസ്പദമാക്കി, ബ്രദർ ജോയ് എം. തോമസ് നയിക്കുന്ന ദൈവവചന പഠനപരമ്പര ലഭിക്കുവാൻ

NCCA MEDIA YouTube ചാനൽ സന്ദർശിക്കുക.

വരെ വന്നിട്ടില്ല എന്നു പറഞ്ഞു''(യോഹന്നാൻ2:4).

മറിയ, ഒരുപക്ഷേ, യേശുവിനെ 'മോനേ' എന്നായിരിക്കാം വിളിച്ചത്. അതിനു കുഴപ്പമൊന്നുമില്ല. ദൈവപുത്രനെങ്കിലും നൊന്തുപെറ്റതല്ലേ അവനെ? എന്നാൽ, യേശു മറിയയെ വിളിച്ചതു "സ്ത്രീയേ" എന്നാണ്. പലരും ചിന്തിക്കുന്നതുപോലെ, അതത്ര വിലകുറഞ്ഞ വിളിയൊന്നുമല്ല. ബഹുമാനപുരസരം തന്നെയാണു യേശു മറിയയെ 'സ്ത്രീയേ' എന്നു വിളിക്കുന്നത്. എന്നാൽ, ഈ വിളിയിൽ അന്തർലീനമായിരിക്കുന്ന മറ്റൊരു യാഥാർഥ്യമുണ്ട്. ഇപ്പോൾ മറിയ യേശുവിന്റെ അടുത്തു വന്നിരിക്കുന്നതു യേശുവിന്റെ 'അമ്മ' എന്ന നിലയിലാണ്. എന്നാൽ, ആവശ്യപ്പെടുന്നതു ദൈവപുത്രൻ എന്ന നിലയിലുള്ള ഒരു പ്രവൃത്തിയാണ്.

അവിടെയാണു പ്രശ്നം! അമ്മയ്ക്കു മകനോടു മകനെന്ന നിലയിലുള്ള പ്രവൃത്തി ആവശ്യപ്പെടാം. എന്നാൽ, ദൈവമെന്ന നിലയിലുള്ള പ്രവൃത്തി ആവശ്യപ്പെടാൻ (demand) അമ്മയ്ക്കു അവകാശമില്ല. അതായത്, വൈകുന്നേരം കഞ്ഞിവയ്ക്കാൻ കലത്തിൽ അരിയില്ലെങ്കിൽ അമ്മയ്ക്കു മകനെന്ന നിലയിൽ യേശുവിനോടു പറയാം: അരി തീർന്നു പോയി! പ്രായപൂർത്തിയായ മകൻ-വീട്ടിലെ മൂത്തമകൻ- എന്ന നിലയിൽ അമ്മയുടെ നിർദേശം അനുസരിക്കാനും ഏതെങ്കിലും നിലയിൽ അരി വാങ്ങിക്കൊടുക്കാനുമുള്ള ഉത്തരവാദിത്വം യേശുവിനുണ്ട്. വിധവയായ അമ്മയെ പുലർത്തുക തീർച്ചയായും മകനായ യേശുവിന്റെ ചുമതലയാണ്. അതു യേശുവിനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ ക്രൂശിൽ പിടഞ്ഞു മരണത്തെ പുൽകും മുമ്പു, മറിയയുടെ സംരക്ഷണച്ചുമതല യോഹന്നാനെ ഭരമേൽപിക്കാൻ യേശു മറക്കാതിരുന്നത് (യോഹന്നാൻ 19: 25-27).

എന്നാലിവിടെ മറിയ വരുന്നതു അരി തീർന്നുപോയി എന്നു പറയുന്ന ലാഘവത്തോടെയല്ല; വിരുന്നുവീട്ടിലെ വീഞ്ഞു തീർന്നുപോയതിനാൽ ഇപ്പോൾ നിന്റെ ദൈവികത പ്രയോഗിക്കാൻ സമയമായി എന്നു ഗൗരവമായി പറയാനാണ്!

യേശു അവളോട്: സ്ത്രീയേ, (ഇക്കാര്യത്തിൽ) എനിക്കും നിനക്കും തമ്മിൽ എന്ത്? (യോഹന്നാൻ 2 :4) എന്നു ചോദിച്ചു.

ഇതിന്റെ അർഥമെന്ത് എന്നതിനെപ്പറ്റി പല വ്യാഖ്യാതാക്കൾക്കും പല അഭിപ്രായമാണുള്ളത്. "ഇക്കാര്യത്തിൽ ഞാനും നീയും എന്തിനിടപെടണം?" എന്നാണു യേശു ചോദിക്കുന്നതെന്നു ചിലർ കരുതുന്നു. വിരുന്നുണ്ണാൻ വന്ന നാം ഉണ്ടെങ്കിൽ കഴിച്ചിട്ടുപോണം, ഇല്ലെങ്കിൽ വേണ്ടെന്നുവയ്ക്കണം, നാം എന്തിനു അവരുടെ കലവറയിലെ കാര്യം അന്വേഷിക്കണം എന്ന്!

എന്നാൽ, ഈ ചോദ്യത്തിന്റെ അർഥം അതാകാൻ സാധ്യതയില്ല: കാരണം, ഒരു കുടുംബം നേരിടുന്ന ഇത്തരമൊരു പ്രതിസന്ധിയെപ്പറ്റി അത്രയ്ക്കു കരുതലില്ലാത്തവനൊന്നുമല്ല യേശു!

മറ്റു ചിലർ പറയുന്നത്, വീട്ടുകാർ നേരിട്ട് എന്തുകൊണ്ടു യേശുവിന്റെ അടുത്തു വന്നില്ല എന്നതു യേശുവിനെ ചൊടിപ്പിച്ചു എന്നാണ്. "നിനക്കും എനിക്കും ഇതിൽ കാര്യമെന്ത്? ആവശ്യക്കാർ വരട്ടെ" എന്ന ഭാഷ്യം. എന്നാൽ, ഈ വാദഗതിയും അത്ര സ്വീകാര്യമല്ല; കാരണം, യേശുവിനെ ഒരു യഹൂദ റബ്ബി എന്ന നിലയിൽ ചിലരൊക്കെ അംഗീകരിച്ചിട്ടുണ്ടാവാം. അതുകൊണ്ടാണല്ലോ അവനു ശിഷ്യന്മാരുള്ളത്, ഇതുവരെ അത്ഭുതമൊന്നും ചെയ്തിട്ടില്ലാത്ത യേശുവിന്റെയടുത്ത് ഒരു അത്ഭുതത്തിനായി വീട്ടുകാർ വന്നില്ല എന്നതു യേശു അത്രവലിയ ഒരു അപരാധമായി കണക്കാക്കാനിടയില്ല. തന്നെയുമല്ല, മറ്റുള്ളവരുടെ ആവശ്യങ്ങളുമായി പലരും പിന്നീട് യേശുവിന്റെ അരികിൽ വരികയും അതു യേശു സാധിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടല്ലോ! അല്ലെങ്കിൽ പിന്നെ മധ്യസ്ഥപ്രാർഥനയുടെ അർഥമെന്ത്?

"എനിക്കും നിനക്കും തമ്മിൽ എന്ത്? എന്ന ചോദ്യം ഇവിടെ വളരെ ഋജു(plain)വാണ്! യേശു മറിയയോടു ചോദിക്കുന്നത്, 'ഇക്കാര്യത്തിൽ- എന്റെ ദൈവപ്രവൃത്തിയുടെ ശുശ്രൂഷ ആരംഭിക്കുന്ന കാര്യത്തിൽ- അഭിപ്രായം പറയാനും നിർദേശങ്ങൾ നല്കാനും അമ്മയെന്ന നിലയിൽ നിങ്ങൾക്കു എന്താണവകാശം? അതു ഞാനും എന്റെ ദൈവപിതാവും തമ്മിലുള്ള കാര്യമാണ്. എന്റെ 'നാഴിക' നിശ്ചയിക്കുന്നതു 'അമ്മ'യല്ല, പിതാവാണ്!

മകൻ എന്ന നിലയിൽ യേശുവിനു അമ്മയായ മറിയയോട് സ്നേഹമുണ്ട്, ബഹുമാനമുണ്ട്. എന്നാൽ 'മശിഹ' (അയയ്ക്കപ്പെട്ടവൻ) എന്ന

നിലയിൽ യേശുവിനു കടപ്പാടുള്ളത് 'അയച്ചവനായ പിതാവിനോടു മാത്രമാണ്. അക്കാര്യത്തിൽ ഇടപെടുവാൻ യേശു അമ്മയായ മറിയയെ ഒരിക്കലും അനുവദിക്കുന്നില്ല!

യേശുവിന്റെ ലഘുവായ 'തർജനം' മറിയ ഏറ്റെടുത്തു. അവൾക്കറിയാം, മുന്നിൽ നിൽക്കുന്നത് താൻ പെറ്റു വളർത്തിയവനെങ്കിലും ദൈവത്തിന്റെ ഏകജാതനായ പുത്രനാണെന്ന്! സകലത്തിന്റെയും സ്രഷ്ടാവും പ്രപഞ്ചനിയന്ത്രിതാവുമായ മഹാദൈവത്തിനു മുമ്പിൽ "കർത്താവിന്റെ ദാസി" (ലൂക്കൊസ്1:38) മാത്രമായ താൻ കാട്ടിയ അമിത സ്വാതന്ത്ര്യത്തെപ്പറ്റി അവൾ അനുതപിച്ചു കാണണം. ഒരു വാക്കുപോലും തിരിച്ചുരിയാടാതെ അവൾ മടങ്ങിപ്പോയി! അവൾ ശുശ്രൂഷക്കാരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കൽപിച്ചാൽ അതു ചെയ്വിൻ എന്നു പറഞ്ഞു (യോഹന്നാൻ 2 : 5).

'അമ്മ'യായി യേശുവിനെ 'പഠിപ്പിക്കാൻ' ചെന്നപ്പോൾ മറിയയ്ക്കു യേശുവിൽനിന്നു തർജനം വാങ്ങേണ്ടി വന്നു; എന്നാൽ, 'ദാസി'യായി യേശുവിനെ അനുസരിക്കാൻ പഠിച്ചപ്പോൾ യേശു കാര്യങ്ങൾ നിർവഹിച്ചുകൊടുക്കുന്നതായാണു നാം കാണുന്നത്.'' Mary approaches Jesus as his mother and reproached;...She responds as a believer and her faith is honoured...''(D.A.Carson-The gospel according to John.P.173-IVP.1991)

മറിയ യേശുവിനെ നൊന്തുപ്രസവിച്ചതാണ്, കഷ്ടപ്പെട്ടു വളർത്തിയതാണ്, ശിശുവായ യേശുവിന്റെ ജീവൻ രക്ഷിക്കാനായി അവനെ കൈകളിലെടുത്ത് മിസ്രയീംവരെ-നൂറുകണക്കിനു മൈലുകൾ ഓടിപ്പോയതാണ്. യേശുവിന്റെ പേരിൽ ഒരുപാടു അപമാനങ്ങൾ സഹിച്ചവളാണ്. ഹൃദയത്തിൽ വാൾ കടക്കുംപോലെയുള്ള നുറുക്കം(ലൂക്കൊസ് 23;5) ഏറെ അനുഭവിച്ചവൾ! ബന്ധത്തിന്റെയോ ത്യാഗത്തിന്റെയോ പേരിൽ ആർക്കെങ്കിലും യേശുവിനെ സ്വാധീനിക്കാനാവുമെങ്കിൽ അതിനു കഴിയുന്നതു മറിയയ്ക്കാണ്. എന്നിട്ടും മറിയ ഒരു അത്ഭുതം അവകാശപ്പെട്ടപ്പോൾ യേശു അവളാൽ സ്വാധീനിക്കപ്പെട്ടില്ല. അത്ഭുതം ഒരിക്കലും അവകാശമല്ല, ഔദാര്യമാണെന്നു യേശു അവളെ ഓർപ്പിക്കുന്നു!

നാമൊക്കെ പലപ്പോഴും യേശുവിന്റെയരികിൽ നിർദേശങ്ങളും ചിലപ്പോഴൊക്കെ കല്പനകളും കൊണ്ടുചെല്ലുന്നവരാണ്. ''നീ അങ്ങനെ ചെയ്തേ മതിയാകൂ കർത്താവേ'' എന്ന മട്ടിലാണു നമ്മുടെ പ്രവർത്തനങ്ങൾ.

എന്തുകൊണ്ടു ഞാൻ അങ്ങനെ ചെയ്യണം? എന്നു യേശു ചോദിച്ചാൽ നമുക്കു നമ്മുടെ ത്യാഗങ്ങളുടെ ഒരു നീണ്ടപട്ടിക നിരത്താനുണ്ടാകും! കഴിഞ്ഞ 21 വെള്ളിയാഴ്ച ഞാൻ ഉപവാസമെടുത്തതു നീ അറിയുന്നില്ലയോ കർത്താവേ...വടക്കേ ഇന്ത്യയിലെ സുവിശേഷവേലയ്ക്കു ഞാൻ പണം കൊടുത്തതു നീ കണ്ടില്ലയോ കർത്താവേ..." ഇതൊക്കെ നാം ചെയ്തതുകൊണ്ടു ദൈവം അതൊക്കെ നമുക്കു ചെയ്തുതരുവാൻ ബാധ്യസ്ഥനാണെന്നു നാം ചിന്തിക്കുന്നു! യേശുവിനുവേണ്ടി മറിയയോളം ത്യാഗമൊന്നും നാം സഹിച്ചിട്ടില്ല. എന്നിട്ടും അമ്മയെന്ന അധികാരവുമായി ചെന്നപ്പോഴല്ല, ദാസിയെന്ന താഴ്മയോടെ ചെന്നപ്പോൾ മാത്രമാണു മറിയയുടെ അപേക്ഷ അംഗീകരിക്കപ്പെടുന്നത്!

അല്ലെങ്കിൽതന്നെ ത്യാഗത്തിന്റെ കാര്യത്തിൽ യേശുവിനോടു നാം എന്തു പറയാൻ? സുവിശേഷീകരണശുശ്രൂഷയിൽ വിദൂരസ്ഥലങ്ങളിൽ, വ്യത്യസ്ത സാഹചര്യങ്ങളിൽ കഴിയേണ്ടിവരുന്നതിനെക്കുറിച്ച് ആളുകൾ പ്രശംസിക്കുമ്പോൾ ഞാൻ ഓർക്കാറുള്ളത്, ചൈനയിലും ആഫ്രിക്കയിലുമായി സുവിശേഷത്തിനുവേണ്ടി ജീവൻ ഹോമിച്ച സി. റ്റി. സ്റ്റഡിന്റെ വാക്കുകളാണ്: ക്രൂശിൽ മൂന്നാണികളിൽ തൂങ്ങിയാടുന്ന യേശുവിനെ കാണുമ്പോൾ, അവനുവേണ്ടി ഞാൻ ചെയ്യുന്നതു എന്തുതന്നെയായാലും ഒരു ത്യാഗമല്ല!

കാനാവിലെ കല്യാണത്തിനു യേശു വെള്ളം വീഞ്ഞാക്കിയതു അത്ഭുതത്തിനപ്പുറം ഒരു അടയാളമായിരുന്നു എന്നാണല്ലോ നാം കണ്ടത്. ഉപമകളിൽ ദൈവിക മർമങ്ങൾ ഒളിപ്പിച്ചിരിക്കുന്നു എന്നു നമുക്കറിയാം. ഇപ്പോഴിതാ, അത്ഭുതങ്ങളിലും ദൈവിക മർമങ്ങൾ ഒളിഞ്ഞിരിക്കുന്നു, വീഞ്ഞായിത്തീരുന്ന വെള്ളത്തിന്റെ അത്ഭുതത്തിലെ ദൈവികമർമ്മങ്ങൾ.

തിരുവചനത്തിലെ ഗുപ്തനിധികൾക്കായി നാം ദൈവത്തെ സ്തുതിക്കണം. അതു ഗ്രഹിക്കുവാനും, കണ്ണുകളെ പ്രകാശിപ്പിക്കുവാനും, അത്ഭുതം അവകാശമല്ല, ഔദാര്യമാണെന്നു തിരിച്ചറിയുവാനും, വിനയത്തോടെ, ദാസ്യചിന്തയോടെ ദൈവത്തിന്റെ അടുത്തേക്കു വരുവാനും, സഹായിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. •

# വിളിയും തിരഞ്ഞെടുപ്പും

വിവിധ കാലയളവുകളിൽ വ്യത്യസ്ത തലങ്ങളിലേക്കുള്ള രാഷ്ട്രീയ തിരഞ്ഞെടുപ്പുകൾ നിർണായകമാണ്. അതിലേറെ പ്രാധാന്യമുള്ളതാണ് പഠനത്തിനും ചികിത്സയ്ക്കും തൊഴിലിനും കുടുംബജീവിതത്തിനു മറ്റും നാം എടുക്കുന്ന തിരഞ്ഞെടുപ്പുകൾ. ആ തിരഞ്ഞെടുപ്പുകൾ ആണ് നമ്മുടെ ഭാവിഭാഗധേയം നിർണയിക്കുക. നാം ഭാവിയിൽ എന്തായി തീരും എന്നുള്ളതു ചെറുപ്പത്തിൽ നമ്മുടെ അഭിരുചികൾക്കും തിരഞ്ഞെടുപ്പുകൾക്കും അനുസൃതം ആയതാണ്. എന്നാൽ ആത്മീയ ജീവിതത്തിൽ നമ്മുടെ തിരഞ്ഞെടുപ്പുകൾ വളരെ പ്രധാനപ്പെട്ടതാണ്. അബ്രഹാമും സഹോദരപുത്രനായ ലോത്തും ഒരുമിച്ച് യാത്ര ചെയ്തു എങ്കിലും നീരോട്ടം ഉള്ള നല്ല ഭൂപ്രദേശം ആകർഷകമായി കണ്ട ലോത്തിന്റെ അന്ത്യം അതിദാരുണമായിരുന്നു. വലഞ്ഞു പോയ നീതിമാൻ' എന്ന വിശേഷണമാണ് ലോത്തിന് തിരുവെഴുത്ത് നൽകുന്നത്. ഭൂപ്രദേശങ്ങളുടെ പച്ചപ്പിനേക്കാൾ, തേജോമയനായ ദൈവത്തെ നെഞ്ചിലേറ്റിയ അബ്രഹാമിനെ, ദൈവത്തിന്റെ സ്നേഹിതൻ', വിശ്വാസികളുടെ പിതാവ്', ദൈവത്തിന്റെ പ്രബു' എന്നിങ്ങനെയാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. അതേ, ഭൗതികതയുടെ ധാരാളിത്തത്തേക്കാൾ ദൈവ ശബ്ദത്തിന് കാതോർക്കുക എന്നതായിരുന്നു അബ്രഹാമിന്റെ തിരഞ്ഞെടുപ്പിന് അടിസ്ഥാനം. ഒരിക്കൽ ഏലിയാവ് ഇസ്രായേൽ ജനത്തോട് ഇങ്ങനെ ചോദിച്ചു, നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വയ്ക്കും? ദൈവത്തെയും ബാലിനെയും ഒരുമിച്ചു സേവിക്കുവാനുള്ള തിരഞ്ഞെടുപ്പ് പരസ്പര വിരുദ്ധമാണെന്ന് ഏലിയാവ് മുന്നറിയിപ്പു നൽകുന്നു. ചിലരുടെ മനസ്സ് ഈ ലോകത്തിന്റെ ധനസമൃദ്ധിയിലും പ്രശസ്തിയിലും എന്നും ഉടക്കികിടക്കും.

സമ്പത്തിന്റെ മടിത്തട്ടിലും ഇംഗ്ലീഷ് ക്രിക്കറ്റിന്റെ പ്രശസ്തിയിലും ശോഭിച്ചു നിൽക്കുമ്പോഴാണ് സി റ്റി സ്റ്റഡ് എന്ന ദൈവഭക്തൻ തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചത്. ക്രിക്കറ്റ് ബാറ്റ് ഏന്തിയ കൈകളിൽ, ബൈബിളും ഏന്തി അദ്ദേഹം ക്രിസ്തുവിന്റെ വേല തന്റെ വിളിയായി കണ്ടു, തിരഞ്ഞെടുത്തു. തന്റെ കൊട്ടാരസദൃശ്യമായ വീടും സുഖമേഖലയും വിട്ട് സുവിശേഷഘോഷണം എന്ന ദൗത്യം തെരഞ്ഞെടുത്തു. ചൈനയിലും ഇന്ത്യയിലും, ഏറിയകാലം ആഫ്രിക്കയിലും സ്റ്റഡ് ക്രിസ്തുവിന്റെ സ്ഥാനാപതിയായി ത്യാഗപൂർവം വേല ചെയ്തു. സി റ്റി സ്റ്റഡിന്റെ വിളിയും തിരഞ്ഞെടുപ്പും തുല്യം പറയാൻ ഇല്ലാത്തതായിരുന്നു. നമ്മെ ഓരോരുത്തരെയും കുറിച്ചുള്ള ദൈവത്തിന്റെ വിളിയും തിരഞ്ഞെടുപ്പും ഗ്രഹിച്ച്, അതിനു അനുയോജ്യമായ നിലപാടുകളും തിരഞ്ഞെടുപ്പുകളും നാം നടത്തേണ്ടതുണ്ട്. ആ തിരഞ്ഞെടുപ്പുകൾ ആണ് നമ്മുടെ നിത്യതയുടെ ഭാഗധേയം നിശ്ചയിക്കുക. ആത്മാവിന്റെ രക്ഷ ഉറപ്പാക്കുന്ന നല്ല തിരഞ്ഞെടുപ്പുകൾ നടത്തുവാൻ ഈ നാളുകളിൽ ശ്രദ്ധിക്കുമല്ലോ.

എംസി


**Bank Account Details:**

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ*
*ഉത്തമ സുഹൃത്തുമായ നേർവീഥി*
*നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.*
*മാസിക യഥോചിതം അയക്കുവാനും*
*കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.04.2021


NERVEEDHI - APRIL 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി
## പബ്ലിക്കേഷൻസിൽനിന്നും

ക്രിസ്തീയജീവിതയാത്രയിൽ ദൈവശബ്ദം കേട്ടുവേണം മുന്നേറുവാൻ. അബ്രഹാമിനെയോ, ശമുവേൽ ബാലനെയോ, പൗലൊസിനെയോ പോലെ ബാഹ്യകർണങ്ങളിൽ ആ ശബ്ദം കേട്ടില്ലെങ്കിലും പ്രതിസന്ധികളിൽ ദൈവസന്നിധിയിൽ മുട്ടുമടക്കുന്നവർക്കു ദൈവഹിതം തിരിച്ചറിയാൻ കഴിയും. മനുഷ്യർ നിങ്ങളെ വഴിതെറ്റിക്കാൻ അനുവദിക്കരുത്. പ്രതിസന്ധികളിൽ മാത്രമല്ല, നിരന്തരം ദൈവസമ്പർക്കം പുലർത്താൻ കഴിയുന്ന ഒരു വിശ്വാസിക്ക് വഴികളിൽ ആ സാന്നിധ്യം ബോധ്യമാകും. ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ ആ സാന്നിധ്യം നഷ്ടമാകുന്നതു ബോധ്യമായാൽ വഴിതെറ്റിയെന്നും മനസ്സിലാക്കുക. നേർവീഥിയിലേക്കു മടങ്ങാൻ പിന്നെ താമസിക്കരുത്.

കെ.വി. രാജു (Late)




ഇപ്പോൾ ലഭ്യമാണ്

Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.